

വാര്‍ത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2018 ഡിസംബര്‍

Volume X Issue 12





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA ONLINE MONTHLY
web: **timesofamerica.org**



Managing Editor: **Mathew George**
Tel: 267-991-2111
e-mail:**timesofamerica@yahoo.com**





2
പ്രഭാഷണം
**കേരള നവോത്ഥാനം**
എം.ജി.എസ്. നാരായണന്‍



3
കഥ
**ജാതിമരച്ചോട്ടില്‍**
ഏബ്രഹാം മാത്യു



4
ഫീച്ചര്‍
**2018 ലോകമത പാര്‍ലമെന്റ് സമ്മേളനം**
മാത്യുകുട്ടി ഈശോ



5
കവിത
**മഴമുഴക്കികളുടെ വംശരോദനം**
പി.കെ. പാറക്കടവ്



7
സ്മരണ
**വറുഗീസ് കുര്യന്‍**
ജോര്‍ജ് തഴക്കര



8
**സ്ത്രീ സമത്വം**
വി.പി. ജയചന്ദ്രന്‍



9
**ഉണ്ണിയേശുവും അണ്ണാറക്കണ്ണനും**
സിപ്പി പള്ളിപ്പുറം



11
O.Henry
World Famous Christmas Story
**The Gift of Magi**

12




# മന്‍ കീ ബാത്ത് 50 എപ്പിസോഡ്



ജനങ്ങളും ഗവണ്‍മെന്റും തമ്മിലുള്ള സമരസപ്പെടലാണ് ജനാധിപത്യം. ജനാധിപത്യത്തില്‍ ഭരണാധികാരികളുടെ ആശയങ്ങളും അഭിപ്രായങ്ങളും ജനങ്ങള്‍ക്ക് സമക്ഷം സമര്‍പ്പിക്കുകയും അവരുടെ അംഗീകാരം നേടിയെടുക്കുകയും സുപ്രധാനമാണ്. അത്തരത്തില്‍ തന്റെ മനസിലെ അഭിപ്രായങ്ങളും ആശയങ്ങളും ജനങ്ങളോട് പങ്കുവയ്ക്കുന്ന പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ സുപ്രധാനമായ പ രിപാടിയാണ് മന്‍ കീ ബാത്ത് (മനസുപറയുന്നത്).

ഇന്ത്യയെന്ന വിശാലമായ രാജ്യത്തിന്റെ ഓരോ മുക്കിലും മൂലയിലുമുള്ള സംഭവങ്ങളും അനുഭവങ്ങളും തന്റെ ആശയങ്ങളും തന്നോട് സംവദിച്ചവര്‍ മുന്നോട്ടുവച്ച നിര്‍ദ്ദേശങ്ങളും അതിലൂടെ ലഭിക്കുന്ന പുതിയ അറിവുകളുമൊക്കെ പ ങ്കുവച്ചുകൊണ്ട് ആകാശവാണിയിലൂടെ എല്ലാ മാസത്തെയും ഒടുവിലത്തെ ഞായറാഴ്ചകളില്‍ പൊതുജനങ്ങളുമായി തന്റെ മനസ് തുറക്കുന്ന പ്രധാനമന്ത്രിയുടെ പരിപാടി. ഇതിനകം തന്നെ ഈ പരിപാടി വന്‍തോതില്‍ പൊതുജനശ്രദ്ധ നേടിക്കഴിഞ്ഞു. ഈ കഴിഞ്ഞ ഞായറാഴ്ച (2018 നവംബര്‍ 25) മന്‍ കീ ബാത്തിന്റെ 50-ാം ലക്കമാണ് പ്രക്ഷേപണം ചെയ്തത്


**ഡി. മുരളി മോഹന്‍**
അഡി. ഡയറക്ടര്‍
പ്രസ് ഇന്‍ഫറമേഷന്‍ ബ്യൂറോ


ഇതിനകം തന്നെ കേന്ദ്ര ഗവണ്‍മെന്റിന്റെ വിവിധ പദ്ധതികള്‍, പുതുതായി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന പരിപാടികള്‍ തുടങ്ങി അറിവുപകരുന്നതും ജനക്ഷേമകരവുമായ നിരവധി പദ്ധതികള്‍ മനസ് പറയുന്നതിലൂടെ പുറത്തുവന്നിട്ടുണ്ട്. പ്രധാനമന്ത്രിയും പൊതുജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കാനും ഈ പരിപാടിയിലൂടെ കഴിഞ്ഞിട്ടുണ്ട്. പ്രധാനമന്ത്രിക്ക് നേരിട്ട് തന്നെ ലഭിച്ചിട്ടുള്ള പ്രതികരണങ്ങളും ഇതിന് തെളിവാണ്. കാശ്മീര്‍ മുതല്‍ കന്യാകുമാരി വരെ ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ ഓരോ കോണിലും നടക്കുന്ന സവിശേവും സുപ്രധാനവുമായ പല സംഭവങ്ങളും പ്രധാനമന്ത്രിയുടെ മനസിനെ സ്വാധീനിച്ച കാര്യങ്ങളും ഈ പരിപാടിയിലൂടെ പങ്കുവയ്ക്കപ്പെട്ടിട്ടുണ്ട്. അത്തരത്തില്‍ പ്രധാനമന്ത്രിയെ സ്വാധീനിച്ചതില്‍ കേരളവും ഒട്ടും പിന്നിലല്ല. കേരളത്തില്‍ സംഹാരതാണ്ഡവമാടിയ മഹാപ്രളയം തൊട്ട് രാജ്യത്തിന് മാതൃകയാകാവുന്ന വായനാവാരം വരെ, അങ്ങനെ പലതും ഇതില്‍ ഉള്‍പ്പെട്ടിട്ടുണ്ട്. മനസുപറയുന്നത് 50-ാം ലക്കത്തില്‍ എത്തിനില്‍ക്കെ, പരിപാടിയിലൂടെ വിവിധ അവസരങ്ങളില്‍ കേരളവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി നടത്തിയ പരാമര്‍ശങ്ങള്‍ നിരവധിയാണ്.

മനസു പറയുന്നതിലെ കേരളംലോക ശ്രദ്ധ പിടിച്ച് പറ്റിയതാണ് കഴിഞ്ഞ ഓഗസ്റ്റില്‍ കേരളത്തിലുണ്ടായ മഹാപ്രളയം. വിടാതെ പെയ്ത ദുരന്തം കേരളത്തില്‍ വിതച്ച നാശങ്ങളുടെ കണക്ക് ഇനിയും പൂര്‍ണ്ണമായി എടുത്തുകഴിഞ്ഞിട്ടില്ല. ദൈവത്തിന്റെ സ്വന്തം നാടിനെ ദുരന്തം ഗ്രസിച്ച ആ നാളുകളില്‍ സഹായഹസ്തവും, അകമഴിഞ്ഞ പിന്തുണയുമാണ് കേന്ദ്ര ഗവണ്‍മെന്റില്‍ നിന്നും ലഭിച്ചത്. പ്രധാനമന്ത്രി തന്നെ നേരിട്ട് സ്ഥിതിഗതികള്‍ വിശകലനം ചെയ്യാന്‍ ഇവിടെ എത്തിച്ചേര്‍ന്നു. കേരളത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും സഹാനുഭൂതിയുമായിരുന്നു അതിന് തൊട്ടടുത്തദിവസത്തെ മനസുപറയുന്നതിന്റെ വിഷയം. 2018 ഓഗസ്റ്റ് 26ന് ആകാശവാണിയിലൂടെ നടത്തിയ മനസുപറയുന്നതിന്റെ 47-ാം ലക്കത്തില്‍ കേരളത്തിലെ പ്രളയത്തിന്റെ ഭീകരത അദ്ദേഹം വിശദീകരിക്കുന്നുണ്ട്.

കേരളത്തിലുണ്ടായ ഭീകരമായ വെള്ളപ്പൊക്കം ജനജീവിതത്തെ വളരെ ഗുരുതരമായ രീതിയില്‍ ബാധിച്ചിരിക്കുന്നു. ഇന്ന് ഈ വിഷമഘട്ടത്തില്‍ രാജ്യം മുഴുവന്‍ കേരളത്തോടൊപ്പമാണുള്ളത്. സ്വന്തക്കാരെ നഷ്ടപ്പെട്ടവരോട് നമുക്ക് സഹാനുഭൂതിയുണ്ട്. നഷ്ടപ്പെട്ട ജീവിതങ്ങള്‍ക്ക് പരിഹാരമുണ്ടാക്കാനാവില്ലെങ്കിലും നൂറ്റി ഇരുപത്തിയഞ്ചുകോടി ഭാരതീയരും ഈ ദുഃഖത്തിന്റെ വേളില്‍ നിങ്ങളുടെ തോളോടു തോള്‍ ചേര്‍ന്നു നില്‍ക്കുന്നു

പ്രഭാഷണം

# കേരളനവോത്ഥാനം



**എം.ജി.എസ്. നാരായണൻ**

**കേരളത്തിലുണ്ടായ യുദ്ധങ്ങൾ മുക്കാലോഹരിയും കുരുമുളകിനുവേണ്ടിയുള്ള യുദ്ധങ്ങളാണ്. അതിലൂടെയാണ് കേരളചരിത്രം തന്നെ മുന്നോട്ടുപോയത് എന്നു പറയാവുന്നതാണ്. കടലുകൾ രാജ്യങ്ങളെ വേർതിരിക്കുന്നുവെന്ന് ഒറ്റനോട്ടത്തിൽ തോന്നാം. പക്ഷേ, യഥാർത്ഥത്തിൽ അവ രാജ്യങ്ങളെ അടുപ്പിക്കുകയാണ് ചെയ്യുന്നത്. മറ്റൊരു രാജ്യത്തോട് ബന്ധപ്പെടുന്നതിനെളുപ്പം കടലിന്റെ അപ്പുറത്തുള്ള രാജ്യമായിട്ട് ബന്ധപ്പെടുന്നതാണ്. അറബിക്കടൽ മുറിച്ചു കടന്ന് ഒരു കപ്പലിനിവിടെ എത്തണമെങ്കിൽ വെറും നാല്പതു ദിവസമേ ആവശ്യമുണ്ടായിരുന്നുള്ളൂ.**

വക്കം മൗലവി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 2017 നവംബർ 25ന് കോഴിക്കോട് കെ.പി.കേശവമേനോൻ സ്മാരക ഹാളിൽ നടത്തിയ പ്രഭാഷണം.- **പ്രശസ്തരുടെ 100 പ്രഭാഷണങ്ങൾ** എന്ന കൃതിയ്ക്കുവേണ്ടി- **ജോർജ് തഴക്കര**)

**ഓ**രോ തലമുറയും ഓരോ ചെറിയ നവോത്ഥാനം നടത്തുന്നുണ്ട്. കാലം തുടർച്ചയാണെങ്കിൽപോലും ചിലതൊക്കെ പഴകിപ്പോകും; ചില കാര്യങ്ങൾ മറന്നുപോകും; ചില കാര്യങ്ങളുടെ പ്രസക്തി ഇല്ലാതാകും; പുതിയ കാര്യങ്ങൾക്ക് പ്രസക്തിയുണ്ടാകും. ഒരു ചെറിയതോതിലെങ്കിലും നവോത്ഥാനം നടത്തിയല്ലാതെ മുന്നോട്ടുപോകാൻ സമൂഹത്തിന് സാധ്യമല്ല. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുതന്നെ ഒരു ഭാഗത്ത് അറബിക്കടലും മറ്റൊരു ഭാഗത്ത് പശ്ചിമഘട്ടപർവ്വതനിരകളുമാണ്. ഇതിന്റെ രണ്ടിന്റേയും ഇടയ്ക്ക് ഫലപുഷ്ടിയുള്ള ഭൂമി. ഇതൊക്കെ ഉള്ളതുകൊണ്ടും ഒരുപാട് മലഞ്ചരക്കുകൾ മലമ്പ്രദേശങ്ങളിൽനിന്ന് പെരിയാറിലൂടെയും പേരാറിലൂടെയും മറ്റ് നാല്പത്തിനാല് ചെറിയ നദികളിലൂടെയും ഒഴുകിവന്ന് നമ്മുടെ തുറമുഖങ്ങളിൽ നിന്ന് ലോകത്തിന്റെ നാനാഭാഗത്തേക്കും പോകുന്നതു കൊണ്ടും കേരളമെന്നും ലോകവിപണിയുടെ മധ്യത്തിലാണ് സ്ഥിതി ചെയ്തിരുന്നത്. ആദ്യകാലം മുതൽക്കുതന്നെ കേരളത്തിൽ ഗ്രീക്ക് നാവികന്മാർ എത്തിയിരുന്നു. ഹിപ്പാലസ് എന്ന ഒരു ഗ്രീക്കു നാവികനാണ് ആദ്യമായി മുചിരി എന്ന തുറമുഖത്ത് എത്തിയതെന്നും, അതു കുരുമുളകിനു വേണ്ടിയായിരുന്നുവെന്നും പ്ലിനി മുതലായ ഗ്രീക്ക് എഴുത്തുകാർ എഴുതിവച്ചിട്ടുണ്ട്. അതു ശരിയായിരിക്കണം. കുരുമുളക് നമ്മളെ സംബന്ധിച്ചിടത്തോളം അത്ര അത്യാവശ്യമുള്ള സാധനമായിരുന്നില്ല. നമ്മൾ എരിവിനുവേണ്ടി ഉപയോഗിച്ചിരുന്നത് കപ്പൽമുളകോ, കാന്താരിമുളകോ, പച്ചമുളകോ ഒക്കെയാണ്. എങ്കിലും കുരുമുളകിന് മറ്റൊരു തരത്തിൽ മറ്റു രാജ്യങ്ങളിൽ വളരെയധികം വിലയുണ്ടായിരുന്നു. നമുക്കത് മനസ്സിലാക്കാൻ പിന്നീട് സാധിച്ചു.

യൂറോപ്പിൽ ശൈത്യകാലമുള്ളപ്പോൾ നാലും അഞ്ചും അടി ഉയരത്തിൽ മഞ്ഞ് കട്ടിയായി ഉറച്ചുകിടക്കും. അപ്പോൾ പുറത്തിറങ്ങാൻ കഴിയില്ല. പലപ്പോഴും ആ രാജ്യങ്ങളിലെ ആളുകൾ ചെയ്തിരുന്നത് അവരുടെ കന്നുകാലികളെ മുക്കാലോഹരിയോളം കൊന്നൊടുക്കുകയാണ്. അതിന്റെ മാംസം ഏതെങ്കിലും കെട്ടിടത്തിന്റെ നടുക്കുള്ള മുറിയിൽ കൂട്ടിവയ്ക്കും. മൂന്നാലു മാസത്തേക്ക് അതാണ് അവരുടെ ഭക്ഷണം. പുറത്തിറങ്ങാൻ പറ്റില്ല. ഒരു പുല്ലിന്റെ നാമ്പുപോലും മുളയ്ക്കില്ല. അതുകൊണ്ട് ഈ പഴയ മാംസം തിന്നുവേണം ജീവിക്കാൻ. അപകടകരമല്ലാത്തനിലയിൽ ജീവിക്കണമെങ്കിൽ അവർക്ക് രണ്ടുകാര്യം ആവശ്യമായിരുന്നു. ഒന്ന് ഉപ്പ്. രണ്ടു കുരുമുളക്. ഉപ്പും കുരുമുളകും ചേർത്തിട്ടാണ് മാംസം സൂക്ഷിച്ചിരുന്നത്. ജർമ്മനിയിലും ഫ്രാൻസിലും, അങ്ങനെ പലഭാഗങ്ങളിലും കുരുമുളകിന് വലിയ വിലയായിരുന്നു. കുരുമുളകിന് നമുക്കും വിലയുണ്ടെന്ന് മനസ്സിലായി. ഈയൊരു പ്രയോജനം അതിനുണ്ടെന്ന് തിരിച്ചറിഞ്ഞതോടുകൂടി പലരും മുചിരി തുടങ്ങിയ തുറമുഖങ്ങളിൽ കുരുമുളകിനുവേണ്ടി എത്തിയപ്പോഴാണ് കേരളചരിത്രം എത്രമാത്രം ഈ ചെറിയ കറുത്ത പൊന്നിനോട് കടപ്പെട്ടിരിക്കുന്നു എന്നു നമ്മൾ തന്നെ മനസ്സിലാക്കാൻ തുടങ്ങിയത്.

കേരളത്തിലുണ്ടായ യുദ്ധങ്ങൾ മുക്കാലോഹരിയും കുരുമുളകിനുവേണ്ടിയുള്ള യുദ്ധങ്ങളാണ്. അതിലൂടെയാണ് കേരളചരിത്രം തന്നെ മുന്നോട്ടുപോയത് എന്നു പറയാവുന്നതാണ്. കടലുകൾ രാജ്യങ്ങളെ വേർതിരിക്കുന്നുവെന്ന് ഒറ്റനോട്ടത്തിൽ തോന്നാം. പക്ഷേ, യഥാർത്ഥത്തിൽ അവ രാജ്യങ്ങളെ അടുപ്പിക്കുകയാണ് ചെയ്യുന്നത്. മറ്റൊരു രാജ്യത്തോട് ബന്ധപ്പെടുന്നതിനെളുപ്പം കടലിന്റെ അപ്പുറത്തുള്ള രാജ്യമായിട്ട് ബന്ധപ്പെടുന്നതാണ്. അറബിക്കടൽ മുറിച്ചു കടന്ന് ഒരു കപ്പലിനിവിടെ എത്തണമെങ്കിൽ വെറും നാല്പതു ദിവസമേ ആവശ്യമുണ്ടായിരുന്നുള്ളൂ. കേരളത്തിൽനിന്നും ഹിമാലത്തിനടുത്തേക്ക് കരമാർഗ്ഗം പോകണമെങ്കിൽ നാല്പതുദിവസം പോരാ. മാസങ്ങളാവശ്യമായിവരും. കടലിന് രാജ്യങ്ങളെ തമ്മിൽ അടുപ്പിക്കുന്ന ഒരു പ്രാഭവം ഉണ്ടായിരുന്നതുകൊണ്ട് കേരളം ലോകത്തിന്റെ നടുക്കുതന്നെ ജീവിക്കുന്നമാതിരിയാണ് നമുക്ക് അനുഭവപ്പെട്ടിരുന്നത്. ഇവിടുത്തെ കറുത്ത പൊന്നിന് വലിയ വില അന്യരാജ്യങ്ങളിൽ കിട്ടുകയും അതിന്റെ ഫലമായി കേരളം ലോകത്തിന്റെ ഒരു ഭാഗത്താണെങ്കിലും നടുക്കുള്ള മാതിരി ജീവിക്കാൻ നമുക്ക് സാധിക്കുകയും ചെയ്തു. അതുകൊണ്ടാണ് വാസ്കോഡഗാമയെപ്പോലെ അങ്ങ് ദൂരെ യൂറോപ്പിന്റെ പടിഞ്ഞാറേ അറ്റത്തുള്ള ഒരു രാജ്യത്തുനിന്നു കോഴിക്കോട് അന്വേഷിച്ച് വന്നത്. ആ സ്ഥലത്തിന്റെ കേട്ടുകേൾവി അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മൂന്നു കപ്പലുകളിൽ ഒരു കപ്പലിലെങ്കിലും അതിനെപ്പറ്റി നല്ല വിവരമുള്ള ആളുകൾ ഉണ്ടായിരുന്നു. അവർ ആ യാത്രയുടെ ദിനചര്യയനുസരിച്ചുള്ള കുറിപ്പുകൾ എഴുതിവച്ച് നമുക്കു നൽകിയിട്ടുമുണ്ട്. അങ്ങനെയുള്ള കേരളത്തിന് എങ്ങനെയാണ് സമൂഹങ്ങളുടെ സഹവർത്തിത്വം സാധ്യമായത്?

**മധ്യകാലശതകങ്ങളിൽ, ക്രിസ്തുമതമാണ് ആദ്യം യൂറോപ്പിനെ സ്വാധീനിച്ചത്. പിന്നീട് ഇസ്ലാം വന്നു. ക്രിസ്തുമതത്തിന്റെ പശ്ചാത്തലത്തിൽ ഇസ്ലാം മതം കൂടി വന്നപ്പോൾ അവ തമ്മിൽ മത്സരങ്ങളുണ്ടായി. അതാണ് കുരിശുയുദ്ധങ്ങൾ എന്നു പറയാറുള്ളത്. പക്ഷേ, ആ കുരിശുയുദ്ധങ്ങൾ നടന്ന കാലത്തുപോലും കേരളത്തെ സംബന്ധിച്ചിടത്തോളം അവർ തമ്മിൽ മത്സരത്തേക്കാൾ അധികം സൗഹൃദവും സഖ്യവുമാണ് ഉണ്ടായിരുന്നതെന്ന് നമുക്കറിയാം.**

മധ്യകാലശതകങ്ങളിൽ, ക്രിസ്തുമതമാണ് ആദ്യം യൂറോപ്പിനെ സ്വാധീനിച്ചത്. പിന്നീട് ഇസ്ലാം വന്നു. ക്രിസ്തുമതത്തിന്റെ പശ്ചാത്തലത്തിൽ ഇസ്ലാം മതം കൂടി വന്നപ്പോൾ അവ തമ്മിൽ മത്സരങ്ങളുണ്ടായി. അതാണ് കുരിശുയുദ്ധങ്ങൾ എന്നു പറയാറുള്ളത്. പക്ഷേ, ആ കുരിശുയുദ്ധങ്ങൾ നടന്ന കാലത്തുപോലും കേരളത്തെ സംബന്ധിച്ചിടത്തോളം അവർ തമ്മിൽ മത്സരത്തേക്കാൾ അധികം സൗഹൃദവും സഖ്യവുമാണ് ഉണ്ടായിരുന്നതെന്ന് നമുക്കറിയാം. അതുകൊണ്ടാണ് കേരളത്തിൽ വർഗ്ഗീയ സാമുദായിക കലഹങ്ങൾ അധികം ഉണ്ടാകാതിരുന്നത്. ഇവിടെ പോർച്ചുഗീസുകാർ വന്നപ്പോൾ, അവർ വിദേശികളാണ് എന്നു കണക്കാക്കി, അവർക്കെതിരായിട്ട് യുദ്ധം നടത്തണമെന്ന് സൈനുദ്ദീൻ ആവശ്യപ്പെട്ടത്. ജിഹാദ് നടത്താനാണ് ഇവിടെ ശ്രമമുണ്ടായത്. സാമൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും, നായന്മാരും മാപ്പിളമാരും ചേർന്ന്, പോർച്ചുഗീസുകാർക്കെതിരായി ജിഹാദ് നടത്തണമെന്ന് തൂഫത്തൂൽ മുജാഹിദിൻ തുടങ്ങിയ പതിനാറാം നൂറ്റാണ്ടിലെ ഗ്രന്ഥങ്ങളിൽ അന്നത്തെ ചിന്തകന്മാർ എഴുതിച്ചേർത്തു.

മതസമന്വയം എന്നത് നല്ല ആശയമാണ്. സെമിറ്റിക് മതങ്ങൾ എന്നു പറയുന്ന മൂന്നു മതങ്ങളുണ്ട്. ഒന്ന് യഹൂദമതം, രണ്ട് ക്രിസ്തുമതം, പിന്നെയൊന്ന് ഇസ്ലാം. ഈ മൂന്നു മതങ്ങളും അവയുടേതായ ചില സങ്കല്പങ്ങൾ, സ്വർഗ്ഗനരകങ്ങൾ, ആചാരങ്ങൾ, നിയമങ്ങൾ ഒക്കെ വിധിച്ചിട്ടുള്ളതാണ്. പ്രവാചകന്മാർ ഏതാണ്ട് ഒന്നുതന്നെയാണ്. യഹൂദമതത്തിലുണ്ടായിരുന്ന മോശയെ മൂസാനബിയെന്ന് മുസ്ലീങ്ങൾ പറയും. ജോൺവരെയാണെങ്കിൽ യഹൂദമതമായി. യേശുക്രിസ്തുവിനെക്കൂടി കൂട്ടുകയാണെങ്കിൽ ക്രിസ്തുമതമായി. മുഹമ്മദ് നബിയെക്കൂടി കൂട്ടിയാൽ ഇസ്ലാം മതമായി. പ്രവാചകപരമ്പര ഒന്നുതന്നെയാണ്. അതേസമയം ഇവ തമ്മിൽ യോജിക്കാത്ത പല കാര്യങ്ങളുമുണ്ടുതാനും. അവസാനത്തെ പ്രവാചകനെ യഹൂദമതം കണക്കാക്കുന്നതുമാതിരിയല്ല ക്രിസ്തുമതം കണക്കാക്കുന്നത്. അങ്ങനെ വരുമ്പോൾ വൈവിധ്യങ്ങളും വൈചിത്ര്യങ്ങളും ഉണ്ടായി. ഇതാണ് നമുക്കുള്ള പ്രശ്നം. വൈരുദ്ധ്യങ്ങളെ നിലനിർത്താൻ കഴിയുമോ. ഒരു പ്രവാചകനെ വേണ്ടെന്നു വയ്ക്കാനാകുമോ? അതു പറ്റില്ല. അതിനു മുമ്പേയുള്ളവരെ അനുസരിക്കുന്നവരാണെങ്കിൽപോലും ഈ ആളിനെ കണക്കിലെടുക്കാൻ തയ്യാറാകില്ല. അതിൽ നിന്നും ആചാരഭേദങ്ങളുണ്ടായി, കാലികമായ വ്യത്യാസങ്ങളുണ്ടായി, വഴക്കുകളുണ്ടായി. ഇതുകൊണ്ടാണ് സഹവർത്തിത്വം സമ്പൂർണ്ണമാകാത്തത്.

ഇന്ത്യയിൽ ആദ്യത്തെ ആക്രമണം സിന്ധിലെ അറബികളുടെ ആക്രമണമാണ്. പിന്നീടാണ് മറ്റുള്ളതൊക്കെ ഉണ്ടാകുന്നത്. പോർച്ചുഗീസുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരുമൊക്കെ പിന്നീടാണ് വന്നത്. അറബികളുടെ ആക്രമണത്തിനു പിന്നിൽ മതപരിവർത്തനവും ലക്ഷ്യമായിരുന്നു. വ്യാപാരം നടക്കുന്നുണ്ട് ഒരുവശത്ത്.

മതങ്ങൾക്കുള്ള ബുദ്ധിമുട്ട് ഇതാണ്. തങ്ങളുടെ മതമാണ് ശരിയെങ്കിൽ മറ്റുമതങ്ങളൊക്കെ തെറ്റായിരിക്കണമല്ലോ. എല്ലാ മതങ്ങളും കൂടി ഒന്നിച്ചു ശരിയാകണമെന്നില്ല. എങ്കിൽ ഒരു മതമല്ലേ വേണ്ടൂ. ഒന്ന് ശരിയാണെങ്കിൽ മറ്റെല്ലാം തെറ്റാണെന്ന് വാദിക്കേണ്ടിവരും. അതിനൊരു നീക്കുപോക്കുണ്ടാക്കിയിട്ട്, വിട്ടുവീഴ്ചയൊക്കെ ചെയ്തു ജീവിക്കുക എന്നതല്ലാതെ വൈരുദ്ധ്യങ്ങൾ അകറ്റി എല്ലാ മതങ്ങൾക്കും കൂടി നിലനിൽക്കുക സാധ്യമല്ല. കുറെയൊക്കെ അഹിംസയുള്ള രാജ്യം, പ്രകൃതിയുടെ അനുഗ്രഹം കുറെയൊക്കെയുള്ള രാജ്യം. ഇതൊക്കെ കൊണ്ട് മതങ്ങൾ തമ്മിൽ മറ്റു പലയിടത്തുമുള്ള കുരിശുയുദ്ധങ്ങളെപ്പോലെയുള്ള യുദ്ധങ്ങൾ ഇവിടെ ഉണ്ടാകാതിരിക്കുകയും കുറെയധികം മതസമന്വയം സാധിക്കുകയും ചെയ്തു ഈ സെമിറ്റിക് മതങ്ങളുടെ കാര്യത്തിൽപോലും അതുണ്ടായി എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

അലക്സാണ്ടർ ഇന്ത്യയെ ആക്രമിച്ചുവെന്നുള്ളത് ഒരു കെട്ടുകഥയാണ്. അങ്ങനെയൊന്ന് ഉണ്ടായിട്ടില്ല. അലക്സാണ്ടർ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ പോറസ് (പുരുഷോത്തമൻ) എന്നു പറയുന്ന രാജാവിനെതിരെ യുദ്ധം ചെയ്യുകയാണുണ്ടായത്. പോറസിന്റെ രാജ്യം ഇന്ത്യയ്ക്കു വെളിയിലായിരുന്നു. പിന്നീട് ഇന്ത്യയിലേക്ക് കടക്കാൻ അലക്സാണ്ടർ ശ്രമിച്ചിട്ടില്ല. സൈന്യത്തിന്റെ ഒരു ഭാഗം കടലുവഴിയും മറ്റൊരുഭാഗം കരവഴിയും തിരിച്ചുപോകുകയാണ് ചെയ്തത്. അലക്സാണ്ടറുടെ ആക്രമണത്തെ വളരെ പെരുപ്പിച്ച് വിൽസൺ സ്മിത്ത് എഴുപത്തിനാലു പേജോളം എഴുതിയിട്ടുണ്ട്. അതെല്ലാം അവാസ്തവമാണ്. അലക്സാണ്ടറുടെ ആക്രമണത്തെ വലിയൊരു ആക്രമണമായി കണക്കുകൂട്ടാൻ പ്രയാസമാണ്. ഇന്ത്യയ്ക്കു വെളിയിലുള്ള ഒരു ചെറിയ രാജ്യത്തെ ആക്രമിച്ചു. ഇന്ത്യയിലേക്ക് കടക്കാൻ ശ്രമിച്ചു. അതു കഴിയാതെ അദ്ദേഹം മടങ്ങുകയായിരുന്നു. അതിനെ വിദേശ ആക്രമ

*6-ാം പേജിൽ*

കഥ

# ജാതിമരച്ചോട്ടിൽ



ഏബ്രഹാം മാത്യു

**നാളെ** ഞാൻ തിരിച്ചു പോവാ.

നെടുമ്പാശ്ശേരീന്ന് ഉച്ചയ്ക്കു രണ്ടിനാ ഫ്ളൈറ്റ്.

ഒന്നൊന്നരമാസം അവധി ആഘോഷിച്ചു.

അടിച്ചുപൊളിച്ചു; കൊണ്ടുവന്ന കുപ്പിയെല്ലാം കാലിയാക്കുകേം ചെയ്തു.

ഇനി, ദാ, രണ്ടുമൂന്നു വെള്ള കരീബിയൻ റം കുപ്പികള്.

ഇതുംകൂടങ്ങു തീർത്തേക്കാമെന്നു വിചാരിക്കുവാ.

എന്നാ രസമാ നാട്ടിൽ എന്നറിയാമോ?

തെരഞ്ഞെടുപ്പുകാലമായതുകൊണ്ട് സമയം പോയതറിഞ്ഞുമില്ല.

ഇനി ചിക്കാഗോയിൽ പോയിക്കിടന്നു നാലഞ്ചു ദെവസം ഒറങ്ങാം.

നാട്ടീന്നു തിരികെ പോവുമ്പം വെഷമം ഒണ്ടൊന്നു ചോദിച്ചാ, ഇച്ചിരെ വെഷമം ഒക്കെ ഒണ്ട്. ഒന്നുമല്ലേലും നമ്മടെ നാടല്ലിയോ. അന്യനാട്ടിലോട്ടല്ലിയോ പോവുന്നെ.

വന്നേൻറ്റന്നു മൊതൽ ഈ ടയോട്ടോ ക്വാലിസ് വണ്ടി എനിക്കുവേണ്ടി ഓടുവാരുന്നു. ഡ്രൈവർ മുരുകൻ ദാ, ജാതിമരച്ചോട്ടിൽ കുനിഞ്ഞിരുന്നൊറങ്ങുന്നു. നല്ല കാറ്റ് കിട്ടുന്നൊണ്ടാരിക്കും. ശല്യപ്പെടുത്തുന്നില്ല. രാത്രീൽ എന്തും വേണ്ടി ഓട്ടമാരുന്നെന്നറിയാമോ?

കൂട്ടുകാരന്മാരുമായിട്ട് എല്ലാ ദെവസോം കരിമ്പുംകാലാ ഷാപ്പിൽ പോയി നന്നായിട്ടു കഴിക്കും. പോരായെങ്കിൽ വിൻസർകാസ്ലിൽ കേറി ഇച്ചിരെ വിസ്കീം കൂടെ മേടിക്കും. ഹോട്ടലുകാർക്കൊക്കെ വല്യ കാര്യമാ. എന്നും പത്തും നാലായിരോം അല്ലിയോ ബിൽ. അതാർക്കേലും ഇഷ്ടമാവാതിരിക്കുമോന്നേ?

അമേരിക്കേലെ ടെൻഷൻ ഒക്കെ ഒന്നൊഴിച്ചു കിട്ടാൻ വേണ്ടിയാ ഇവിടെ വന്നൊള്ള ഇത്തരം ചുറ്റിക്കളി. രാവിലെ മുരുകൻ ക്വാലിസ് സ്റ്റാർട്ടാക്കും. കേറി ഒറ്റ ഇരുപ്പാ. പിന്നെ ഒരു പോക്കാ. മാണിസാർ മത്സരിക്കുന്ന പാലായിലും സ്റ്റീഫൻ ജോർജ് കടുത്ത മത്സരം നേരിടുന്ന കടുത്തുരുത്തിയിലും വഴിപോയി ഒന്നു തലകാണിച്ചേം വച്ച് ഏറ്റുമാനൂര് വന്ന് ശരിക്കൊന്നു ഭക്ഷണം കഴിക്കും. ഇച്ചിരെ നല്ല മീൻ കിട്ടുന്ന ഹോട്ടലിലേ കേറത്തൊള്ള്. കരിമീനാന്നേൽ ഉള്ളി ഇട്ടു വഴറ്റി പൊരിച്ചതേൽ ഒന്ന്; നല്ല ടേസ്റ്റാ. മീൻ പരിഞ്ഞീല് തോരൻ വച്ചതു കിട്ടുന്ന ഒരു ഹോട്ടലൊണ്ട്. എക്സ്ക്ലൂസീവാ. അവിടേം ഒന്നു കേറി പരിഞ്ഞീൽ തോരൻ പാഴ്സലായിട്ട് മേടിക്കും.

അതാ രീതി.

ചിക്കാഗോയിൽ ഓഫീസ് സമയത്താന്നേൽ മാക്ഡൊണാൾസിൽ ഒന്നുകേറും. ചെലപ്പം യാത്രേൽ ആന്നേൽ കാറിലിരുന്നു തന്നെ കഴിക്കുകയും ചെയ്യും.

ദാണ്ടെ, മുരുകൻ ഇരുന്നൊറങ്ങുന്നു.

എടോ മുരുകാ, ഇന്നും കൂടെ സഹിച്ചാൽ മതിയെടാ. നാളെ, എന്നെ നെടുമ്പാശ്ശേരീൽ വിട്ടേം വച്ച് നിന്റെ പോക്കിന് പോടാ. ഇന്നുതന്നെ കംപ്ലീറ്റ് അക്കൗണ്ട്സ് സെറ്റിൽ ചെയ്യാമടോ. മുരുകാ, ഓ, നീ ഇങ്ങ് വന്നേടോ. മുരുകാ, ഗ്ലാസെടുത്ത് ഇച്ചിരെ റം ഒഴിച്ച് ഐസ് വാട്ടറും ചേർത്തു കൊണ്ടുവാടോ. എന്താടോ നോക്കിനിക്കുന്നെ?

ഫ്രിഡ്ജിൽ ബീഫ് കാണും. ഇച്ചിരെ എടുത്തു ചൂടാക്കെടാ കൊച്ചനെ. ഞാൻ പിരീന്നേന്റെ വെഷമം ആന്നോടോ? അതോ സത്യത്തിൽ നെനക്ക് ഒറക്കം വരുന്നൊണ്ടോ?

എടോ, ഇനി ഞാൻ അടുത്ത വർഷമേ വരത്തൊള്ള്. പള്ളിപ്പെരുന്നാളിന്. അന്ന് കാണാമെടോ. മുരുകാ, എടാ കൊച്ചനെ, നീ ചാരി ഇരിക്കുന്ന ഈ ജാതിമരം ഒണ്ടല്ലോ, ഇതാരാ വെച്ചേന്നറിയാമോടേ? അറിയാൻ പറ്റത്തില്ല. ആർക്കും ഇതിന്റെ ഗുട്ടൻസ് അറിയത്തില്ല. എങ്കി പറയാമെടോ മുരുകാ, നീ ആ എറച്ചി വഴറ്റിയതേൽ ഇച്ചിരെ ഇങ്ങ് കൊണ്ടുവാ. റം കിട്ടി. സന്തോഷം. മറ്റേത് വേഗം എടുക്കെടാ പൊന്നുമോനെ.

എടാ മുരുകാ, ഏലമ്മേം പിള്ളാരേം നീ എവിടെയാ ഷോപ്പിംഗിന് കൊണ്ടുവിട്ടെ? പാർത്ഥാസിലാന്നേൽ ഒത്തിരി കഴീം എറങ്ങാൻ. അങ്ങനാണേൽ നീ ഒരു നാലുമണിയോടെ വണ്ടീംകൊണ്ട് അങ്ങോട്ടേയ്ക്ക് പോയാൽ മതിയെ. അപ്പഴത്തേക്കും അവര് എറങ്ങിവരുമായിരിക്കും. വന്നില്ലേൽതന്നെ അതിന്റെ മുന്നിൽ ഇച്ചിരെനേരം അങ്ങ് കെട.

ഞാൻ പറഞ്ഞോണ്ടുവന്നത് ജാതി മരത്തിന്റെ കാര്യം അല്ലിയോ. പറയാം...

മുരുകാ, തിരികെ പോവാൻ തൊടങ്ങുമ്പം എന്തുവാന്നറിയത്തില്ല, ആകപ്പാടെ ഒരു വല്ലായ്മ. ഇവിടത്തെ രാഷ്ട്രീയം പറച്ചിലും കുടീം, തീറ്റിം, ബന്ധുക്കളുടെ വീട്ടിൽ പോവുമ്പം കിട്ടുന്ന സുഖോം ഒക്കെ ഉപേക്ഷിച്ചിട്ട് നെടുമ്പാശ്ശേരീന്ന് പറക്കണമല്ലോന്ന് വിചാരിക്കുമ്പം ഒരു വെപ്രാളം. പിള്ളാർക്ക് ഒരു കുലുക്കോം ഇല്ല. അവർക്ക് ഇങ്ങോട്ട് വരാൻതന്നെ ഇഷ്ടമില്ലായിരുന്നു.

മുരുകാ, ഞാനോർക്കുവാരുന്നേ, മൊതലാളിക്കുവേണ്ടി ജാതിമരത്തിന്റെ ചോട്ടിൽ കാത്തിരുന്നൊറങ്ങുന്ന ഒരു ഡ്രൈവറെ ചിക്കാഗോയിൽ സങ്കല്പിക്കാൻ പറ്റുമോന്നേ?

മുരുകാ, നീ കേട്ടിട്ടൊണ്ടോ എന്നറിയത്തില്ല. കെ.എം.ജോർജ് സാറിനെ അറിയാമോടേ? നീ നെയ്യാറ്റിൻകരക്കാരനായോണ്ട് അറിയാൻ വഴിയില്ല. എന്നാലും പറേവാ മുരുകാ, ഒരു വലിയ മനുഷ്യനാരുന്നു. സ്നേഹനിധിയായിരുന്നു. നാട്ടുകാർക്കെല്ലാം ബഹുമാന്യനാരുന്നു. ട്രാൻസ്പോർട്ട് മന്ത്രിയായിരുന്നു.

എന്റെ അപ്പന്റെ ആരാധ്യപുരുഷനായിരുന്നു.

ജോർസാറെന്നേ അപ്പൻ വിളിച്ചിട്ടൊള്ളാരുന്നു.

ഞങ്ങൾ പിള്ളാരും അങ്ങനെതന്നെ വിളിച്ചു പഠിച്ചു. ഞാൻ ആറിൽ പഠിക്കുമ്പം പിള്ളാരുടെ ബസ് സമരം ഒണ്ടാരുന്നു. അന്ന് കെ.എം.ജോർജാരുന്നു ട്രാൻസ്പോർട്ട് മന്ത്രി. സ്കൂളിലെ പിള്ളാര് ജോർസാറിനെതിരെ മുദ്രാവാക്യം ഒയർത്തി. അത് കേട്ടപ്പം എനിക്ക് എന്തുംവേണ്ടി സങ്കടം വന്നെന്നറിയാമോടേ?

ഞാനന്ന് കരഞ്ഞോണ്ടാ സ്കൂളീന്നു വന്നെ.

ഇപ്പം എന്റെ മോൻ ലാലുവെങ്ങാണം ഈ കഥ കേട്ടാൽ അവൻ എന്ന കളിയാക്കാതെ വിടുമോ മുരുകാ?

ജോർസാർ മന്ത്രിസ്ഥാനം രാജിവച്ച ദെവസം ഞങ്ങടെ വീട്ടിൽ കഞ്ഞിവച്ചില്ല. അപ്പൻ വെഷമം തിന്നതിന്നും ഞങ്ങള് കാണാതെ കരഞ്ഞതിനും കണക്കില്ല.

രണ്ടുവർഷം കഴിഞ്ഞപ്പം ജോർസാർ മരിച്ചു. അന്ന് അപ്പൻ എന്നെക്കൊണ്ട് ഒരു തൈയ് നടീച്ചു. അതാ മുരുകാ നീ ചാരിയിരിക്കുന്ന ഈ ജാതിമരം കേട്ടോടോ?

ഇപ്പം എത്രയടി ഒയരമായെന്നറിയാമോ?

എന്തുവേണ്ടി കനം ഒണ്ടെന്നറിയാമോ?

ഇതാ, ഓർമകൾക്കു പറ്റിയതു ഒരു മരമായിരിക്കും എന്നു പറയുന്നത്. മനുഷ്യർ തല കുനിക്കേണ്ടത് മരങ്ങളുടെ കുനിഞ്ഞ ചില്ലകൾക്കു മുന്നിൽ മാത്രമായിരിക്കണമെന്നു ഞാൻ പറയും. ഈ തൈയ് നട്ടപ്പം ഇതിങ്ങനെ വളർന്നു വിടർന്നു നിൽക്കുമെന്നു ഞാൻ സങ്കല്പിച്ചിരുന്നില്ല. ഇപ്പം ദാ, വെയിലത്ത് വെച്ചേക്കുന്ന ജാതിക്കായ... ഏലമ്മ കണ്ടപ്പം പറയുവാ- ഇച്ചിരെ, ഷിക്കാഗോയ്ക്ക് കൊണ്ടുപോകണമെന്ന്. ശരി കൊണ്ടുപോയേക്കാം.

മുരുകാ, തിരികെ പോവാൻ തൊടങ്ങുമ്പം എന്തുവാന്നറിയത്തില്ല, ആകപ്പാടെ ഒരു വല്ലായ്മ. ഇവിടത്തെ രാഷ്ട്രീയം പറച്ചിലും കുടീം, തീറ്റിം, ബന്ധുക്കളുടെ വീട്ടിൽ പോവുമ്പം കിട്ടുന്ന സുഖോം ഒക്കെ ഉപേക്ഷിച്ചിട്ട് നെടുമ്പാശ്ശേരീന്ന് പറക്കണമല്ലോന്ന് വിചാരിക്കുമ്പം ഒരു വെപ്രാളം. പിള്ളാർക്ക് ഒരു കുലുക്കോം ഇല്ല. അവർക്ക് ഇങ്ങോട്ട് വരാൻതന്നെ ഇഷ്ടമില്ലായിരുന്നു.

മുരുകാ, ഞാനോർക്കുവാരുന്നേ, മൊതലാളിക്കുവേണ്ടി ജാതിമരത്തിന്റെ ചോട്ടിൽ കാത്തിരുന്നൊറങ്ങുന്ന ഒരു ഡ്രൈവറെ ചിക്കാഗോയിൽ സങ്കല്പിക്കാൻ പറ്റുമോന്നേ? മുരുകന്റെ നോട്ടം കണ്ടില്ലിയോ? ഞാൻ റം തീർക്കുന്നൊണ്ടോന്നും നോക്കി കാത്തിരിക്കുവാ. എറച്ചി തീരുമ്പം മൂപ്പീച്ചോണ്ടു വന്ന് ഇട്ടുതരുന്നു. ഇനീം വേണോ എന്ന് തെക്കൻ മട്ടിൽ ചോദിക്കുന്നു.

നാട്ടിൽ വന്നെറങ്ങുമ്പം വേറേം ചെല വ്യത്യാസങ്ങൾ കാണാം. പെട്ടി എടുക്കണോ? പിടിക്കണോ? വണ്ടിയേൽ കേറ്റണോ? എത്ര ആളാ സഹായിക്കാനും മറ്റുമായി നിക്കുന്നേന്നറിയാമോ? മുരുകാ, നിന്റെ കാര്യം നോക്ക്. നീ കൂലി ഒന്നും ചോദിക്കത്തില്ല.

ഞാൻ കൊറച്ചങ്ങോട്ട് തരും.

നീ എണ്ണാതെ പോക്കറ്റിലിടും.

ഇതല്ലിയോ സംഭവിക്കുന്നെ?

മുരുകാ, ഞാൻ ന്യായം പറഞ്ഞ് സമയം പോക്കുവാന്നേ? ഏലമ്മേം പിള്ളാരും പാർത്ഥാസീന്ന് എറങ്ങാറായോ? നീ സമയം നോക്കിക്കോണേ.

ഞാൻ ഇങ്ങനെ വിഡ്ഢിത്തം പറഞ്ഞോണ്ടിരിക്കും.

അയ്യോ. ജാതിമരം നിന്നനങ്ങുന്നതു കണ്ടോ? എടോ മുരുകാ, രണ്ടാമത്തെ ജാതിമരം കണ്ടോടോ? അതിനെക്കുറിച്ചുമൊണ്ട് കൊറേ പറയാൻ. ഇതിന്റെ കഥ കേട്ടാൽ മുരുകാ, നെനക്ക് വെഷമം വരും. ഇക്കാര്യോം അധികം പേർക്ക് അറിയത്തില്ല.

ഒറ്റവാക്കിൽ പറയട്ടെ: എന്റെ അപ്പൻ കെ.എം. ജോർജിനെ ഓർക്കാൻവേണ്ടി എന്തു ചെയ്തോ അതേപോലെ അപ്പനെ ഓർക്കാനായി ഞാനും ചെയ്തു. മനസ്സിലായോ? കഥ പിടി കിട്ടിയോ?

പഠിത്തമൊക്കെ കഴിഞ്ഞ് ഒരു ജോലീം കൂലീം ഇല്ലാതെ ഞാൻ നടക്കുന്നതിൽ വെഷമിച്ചാ അപ്പൻ മരിച്ചെ. അന്നെനിക്കൊരു ട്യൂട്ടോറിയൽ കോളജിൽ ജോലിയുണ്ടായിരുന്നു. ശമ്പളം ഇരുന്നൂറ്, ഒരു ദെവസം രാവിലെ ഞാൻ ടൂട്ടോറിയലിലോട്ട് പോവാൻനേരം അപ്പൻ പതിവില്ലാത്തോണം പൊറേന്നു വിളിച്ചു. ഞാൻ ദേഷ്യത്തിൽ തിരിഞ്ഞു.

‘നീ വല്ലാതെ ചടച്ചുപോയല്ലോടാ.’ അപ്പൻ പറഞ്ഞു.

ഞാൻ മിണ്ടിയില്ല.

‘നെനക്ക് ഒന്നിനും തെകയത്തില്ലാരിക്കും അല്ലിയോ?’

ഞാൻ അതേന്നു പറഞ്ഞു.

അപ്പൻ വെഷമിച്ച് കുനീന്നതു കണ്ടു.

‘ഞാൻ നെനക്ക് ഒന്നും സമ്പാദിച്ച് തന്നില്ല.’

ഞാൻ ദേഷ്യപ്പെട്ട് എറങ്ങി നടന്നു; സമയം പോയാലോ.

തേർഡ് ഹവർ ക്ലാസ്സി നിന്നപ്പഴാ വീട്ടീന്ന് ആളു വന്നത്. ചെന്നപ്പഴത്തേക്ക് അപ്പൻ പോയി. ഏഴാം ദെവസം പ്രാർത്ഥനേം കഴിഞ്ഞ് വെറുതെ വെഷമിച്ചോണ്ട് ജാതിമരത്തിന്റെ ചൊവട്ടി പോയിരുന്നു. അതേൽ കാറ്റു പിടിച്ചപ്പം ജോർസാർ അപ്പനെ അന്വേഷിക്കുകയും പേരു വിളിച്ച് വെഷമിക്കുകയും ചെയ്യുകയായിരിക്കുമെന്നു തോന്നി.

കാറ്റിൽ കൊറേ എലകൾ താഴോട്ട് വീണു.

മുരുകാ, അന്നേരം എനിക്കു തോന്നി, ഇതാ ജീവൻ ജീവനെ തിരിച്ചറിയുവാന്ന്. മരിച്ചവരും മൗനത്തിൽ അടങ്ങിയവരും തമ്മിൽ കണ്ടോ?

ജാതിമരം ഏതു ജാതിയിൽപ്പെട്ട മനുഷ്യനേക്കാളും എത്ര ഒയരത്തിലാന്ന് മനസ്സിലായോ? അന്നു വൈകിട്ട് കോടിമതവരെ നടന്നപ്പോഴും ഞാനിതുതന്നാ ആലോചിച്ചോണ്ടു നടന്നത്. കോടിമതേലെ നഴ്സറിയിൽ കേറി ഒരു ജാതിത്തൈ മേടിച്ചു. കൊച്ച് പ്ലാസ്റ്റിക് കൂട്ടിൽ, കിളുന്ത് വിരൽപോലെ ഒരു ജാതി തൈയ്. ഓട്ടോറിക്ഷേ കേറി വിട്ടു. വന്നുകേറിയ ഒടൻ തൈ കുഴിച്ചുവച്ചു. മുരുകാ പതിനഞ്ചു വർഷം ആകുന്നു. പതിനഞ്ചാം വയസ്സിലോട്ടു കേറുന്ന ജാതിമരം കണ്ടോടോ?

പിന്നെ, റാന്നീന്ന് കല്യാണാലോചന വന്ന് ഞാൻ ഏലമ്മെ കെട്ടി. അവൾ എന്നെ ഇട്ടേംവച്ച് ചിക്കാഗോയ്ക്ക് പോയി. മൂന്നു വർഷം കഴിഞ്ഞ് ഞാനും ചെന്നുപറ്റി. ഞങ്ങക്ക് രണ്ടു പിള്ളാരൊണ്ടായി. ജോലി ഒറച്ചു. നാട്ടിൽ പൊരേടം മേടിച്ചു. മാണിസാർ ഉൾപ്പെടെ ഒള്ള നേതാക്കൾ ചിക്കാഗോയിൽ വന്നാൽ എന്റെ വീട് സ്വന്തം വീടായി. ഞാൻ അങ്ങനാ മുരുകാ.

സ്നേഹിച്ചാ, തിരിച്ച് മരിക്കുവോളം സ്നേഹിക്കും. സ്നേഹമില്ലിയോ, ഓ എനിക്കൊന്നുമില്ല. ഞാൻ ആരോടും ഒന്നും മിണ്ടാനും പറയാനും പോവത്തില്ല. ഈ സ്നേഹോന്നു പറേന്നത് പിടിച്ചുമേടിക്കാൻ പറ്റുന്നത് വല്ലോമാന്നോ? കണക്കു പറഞ്ഞ് കിട്ടേണ്ടതു വല്ലോമാന്നോ?

കിട്ടിയാ കിട്ടി.

പോയാ പോയി.

ഇപ്പം ഞങ്ങടെ ചിക്കാഗോയിൽ ആന്ത്രാക്സും അടീംപിടീം ഒക്കെയാടോ. എന്നാലും ഞങ്ങക്ക് പോവാതിരിക്കാൻ പറ്റുമോ?

*11–ാം പേജിൽ*



# 2018 ലോകമത പാർലമെന്റ് സമ്മേളനം ടൊറന്റോയിൽ- അഹിംസാ അവാർഡ് ഇന്ത്യക്ക്

മാത്യുക്കുട്ടി ഈശോ



ടൊറന്റോ/ന്യൂയോർക്ക്: അഹിംസ, ലോകസമാധാനം, സ്നേഹം, അംഗീകാരം ഇവയ്ക്ക് പ്രാധാന്യംനൽകി ആഗോള മതമൗലികവാദികളെ പങ്കെടുപ്പിച്ച 2018 ലോകമത പാർലമെന്റിന് (പാർലമെന്റ് ഓഫ് വേൾഡ് റിലീജിയൺസ്) ടൊറന്റോ സിറ്റി സാക്ഷ്യം വഹിച്ചു.

1893ൽ ചിക്കാഗോയി നടന്ന ആദ്യ ലോകമത പാർലമെന്റിൽ സ്വാമി വിവേകാനന്ദൻ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിലൂടെ ഇൻഡ്യയുടെ ആത്മീകപൈതൃകം ലോകശ്രദ്ധ ആകർഷിച്ചിരുന്നു. അതിനു ശേഷം നൂറിലധികം വർഷങ്ങളുടെ ഇടവേളയിൽവീണ്ടും ആരംഭിച്ച് നവംബർ 1 മുതൽ 7 വരെ ടൊറന്റൊയിൽനടലോകമത പാർലമെന്റ ിൽ 80 ലോകരാഷ്ട്രങ്ങളിൽ നിന്നായി പതിനായിരത്തോളം പ്രതിനിധികളും 200-ലധികം അതിവിശിഷ്ട ആത്മീയ നേതാക്കളും പങ്കെടുത്തു. 1893ൽ ചിക്കാഗോയിആരംഭിച്ച ലോകമതസമ്മേളനത്തിന്റെ ആഗോള സമ്മേളനങ്ങിൽഏഴാമത്തെ സമ്മേളനമാണ് ടൊറന്റൊയിൽ നടന്നത്.

പാർലമെന്റ് സമ്മേളനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ പ്രത്യേക അഹിംസാ അവാർഡിന് ഇന്ത്യയിൽനിന്നുള്ള പരാമർദ്നികേതൻ പ്രസിഡന്റ് പൂജ്യ സ്വാമി ചിദാനന്ദ് സരസ്വതി അർഹനായി. ലോകമത പാർലമെന്റ്



ചെയർമാൻ ഡോ. റോബർട്ട് സെല്ലേഴ്സ്, പാർലമെന്റ് ട്രസ്റ്റി ജൈനമത പ്രതിനിധി ഡോ. കൃതി ഡ്രാഫ്റ്ററി എന്നിവർ ചേർന്ന് അഹിംസാ അവാർഡ് ചിരാനന്ദ് സരസ്വതി സ്വാമിജിക്ക് സമ്മാനിച്ചു.

ഇന്ത്യയിൽനിന്നും പങ്കെടുത്ത വിവിധ മതനേതാക്കളോടും പ്രതിനിധികളോടുമൊപ്പം ചരിത്ര പ്രസിദ്ധമായ ലോകമത സമ്മേളനത്തിൽ കേരളത്തി നിന്നും പങ്കെടുത്തത് വേൾഡ് പാർലമെന്റ ് ഓഫ് റിലീജ്യന്റെ ഇന്ത്യൻ അംബാസിഡർ ശശികുമാർ ശാന്തനാണ്. തിരുവനന്തപുരത്ത് ഇൻകംടാക്സ് ഉദ്യോഗസ്ഥനായ ശശികുമാർ ശാന്തനൻ പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിന്റെ അഡൈ്വസറി കമ്മറ്റി ഡപ്യൂട്ടി ജനറൽ കൺവീനർ കൂടിയാണ്. ശാന്തിഗിരി ആശ്രമത്തെ പ്രതിനിധീകരിച്ച് ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ സാധിച്ചതും; ലോക പ്രശസ്തരായ ധാരാളം ആത്മീയ ഗുരുക്കന്മാരുമായി സംവാദിക്കുവാനും പരിചയപ്പെടുവാനും സാധിച്ചതും ജീവിതത്തിലെ മഹാഭാഗ്യമായി കണക്കാക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ വിവിധ മതവിശ്വാസികളെ പ്രതിനിധീകരിച്ച് സ്വാമി അഗ്നിവേശ്, സ്വാമിനി ആദിത്യാനന്ദ സരസ്വതി, സ്വാമിനി സ്വധ്വിവിദീനന്ദ സരസ്വതി, സ്വാമി നിഖിഉ ഈശ്വാനന്ദ, ഡോ. എബൗ പട്ടേ, ഡോ. സോഹൻ ലാൽ ഗാന്ധി, സ്വാമി ത്യാഗാനന്ദ, ഡോ.രാജ് ബാൾക്കൻ, കിരൺ ബാലി, ഷിലാലിജി മഹാരാജ് സാധ്വിജിയാൻ, വന്ദന ശിവ, അഭയ്ജീത് സിംഗ് സച്ചൽ, സിമ്രൻ ജീത് സിംഗ്, സർവാശ്രീയാനന്ദ സ്വാമി തുടങ്ങിയ മതനേതാക്കന്മാർ പങ്കെടുത്ത ഈ വലിയ സമ്മേളനത്തിൽ അവരുടെ ആശയങ്ങളെ മനസ്സിലാക്കുവാനും അവർ ലോക നന്മക്കായി ചെയ്യുന്ന പ്രവർത്തികളെ അറിയുവാനും അവസരം നൽകി.



ഇരുന്നൂറിലധികം മതവിശ്വാസ നേതാക്കന്മാരുടെ സമ്മേളനമായിരുന്നെങ്കിലും എല്ലാ മേഖലയിലുമുള്ളവർക്കായി പ്രോഗ്രാമുകൾ വിവിധ വേദികളിലായി നടന്നു. കുട്ടികൾക്കും കുടുംബങ്ങൾക്കും സാമൂഹ്യ പ്രവർത്തകർക്കും പണ്ഡിതർക്കും സാഹിത്യകാരന്മാർക്കും പ്രയോജനകരമായിരുന്നു, ഏഴു ദിവസത്തെ സമ്മേളനം. ലോകപ്രശസ്ത നേതാക്കളായ മുൻ കനേഡിയൻ പ്രധാനമന്ത്രി കിം കാംപ്ബെ, ടൊറന്റൊ കർദ്ദിനാൾ തോമസ് കോളിൻസ്, പ്രശസ്ത എഴുത്തുകാരൻ മാർഗരറ്റ് ആറ്റ്വുഡ്, മനുഷ്യാവകാശ അറ്റേർണി ഇർവിൻ കുട്ട്ലർ, ഗ്ലോബൽ ഹെൽത്ത് ഡോഗ്സ്റ്റാസ് ഇന്റർനാഷനൽസ്ഥാപകൻ ഡോ. ജയിംസ് ഓർബിൻസ്കി, സോജേർണേഴ്സ് സ്ഥാപകൻ ജിം വാലേസ്, പണ്ഡിതൻ കരൺ ആംസ്ട്രോംങ് തുടങ്ങിയ പ്രമുഖരുടെ സാന്നിദ്ധ്യം സമ്മേളനത്തെ ധന്യമാക്കി.

ലോകമത പാർലമെന്റിന്റെ ആദ്യ വനിതാ പ്രസിഡന്റായി ഐക്യരാഷ്ട്ര സംഘടന ടാസ്ക് ഫോഴ്സ് ചെയർപേഴ്സണും ലോകമത പാർലമെന്റ് പ്രോഗ്രാമാറ്റിക് ഏരിയ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സണുമായ ഓഡ്രി. ഇ. കിറ്റഗാവ തെരഞ്ഞെടുക്കപ്പെട്ടത് ചരിത്ര നിമിഷങ്ങളായി. യുണൈറ്റഡ് നേഷൻസ് ചിൽഡ്രൻ ആൻഡ് ആംഡ് കോൺഫ്ളിക്ട് സെക്രട്ടറി ജനറലിന്റെ സ്പെഷ്യൽ റെപ്രസന്റേറ്റീവ് ഓഫീസിലെ മുൻ ഉപദേശകയായും ഇന്റർനാഷണൽ അക്കാഡമി ഫോർ ട്രാൻസ്കൾച്ചറൽ കോപ്പറേഷന്റെ സ്ഥാപക പ്രസിഡന്റായും ലൈറ്റ് ഓഫ് അവയർനസ് ഇന്റർനാഷണസ്പിരിറ്റ്വൽ ഫാമിലി എന്ന സംഘടനയുടെ പ്രസിഡന്റായും പ്രശസ്ത സേവനം കാഴ്ച വച്ച വ്യക്തിയാണ് ഓഡ്രി. ഇ. കിറ്റഗാവ. നിയുക്ത പാർലമെന്റ് പ്രസിഡന്റ്



ഓഡ്രി കിറ്റഗാവക്ക് തെരഞ്ഞെടുപ്പിനുശേഷം ശാന്തിഗിരി ആശ്രമത്തിന്റെ ശാന്തിസന്ദേശം ആലേഘനം ചെയ്ത സ്മരണിക ഐക്യരാഷ്ട്ര സംഘടനയിലെ എൻ.ജി.ഒ. അംഗവും മലയാളിയും യോഗിയുമായ ഗുരുജി ദിലീപ് കുമാറിന്റെ (ന്യൂയോർക്ക്) സാന്നിദ്ധ്യത്തിൽ നൽകി. ഇനി രണ്ട് വർഷത്തിലൊരിക്കൽ ലോകമത പാർലമെന്റ ് സംഘടിപ്പിക്കുമെന്ന തീരുമാനത്തോടെ 2018 ടൊറന്റൊ ലോകമത സമ്മേളനം പര്യവസാനിച്ചു.

# മഴമുഴക്കികളുടെ വംശരോദനം



ഒരിറക്കു ദാഹജലത്തിന്
ഇത്രയും പ്രതികാരമുണ്ടാകുമെന്ന്
ഒളിവുജീവിതം പോലും
പറഞ്ഞിരുന്നില്ല.

തുരുമ്പിച്ച കത്തികൾക്ക്
ഇത്രയും ചോരക്കൊതിയുണ്ടാകുമെന്ന്
കലാപകാലത്തുപോലും
കരുതിയിരുന്നില്ല.

പ്രണയത്തിന്റെ നാലതിരിലും
വല വിരിച്ച വേടന്മാർക്ക്
താഴ്‌വരകൾ തീറെഴുതിക്കൊടുത്ത
മലദൈവങ്ങളുടെ മുമ്പിൽ
ഇപ്പോഴുമുണ്ട്
നാവ് നനയാത്ത വിശപ്പുപക്ഷികൾ.

കോടമഞ്ഞിനും
കൊടുങ്കാറ്റിനും
തലയരിഞ്ഞു കൊടുത്ത
വിളക്കുമാടത്തിന്റെ ഇരുട്ടിൽ
ഇപ്പോഴുമുണ്ട്
ഇണയെ കൈവിടാത്ത
മലമുഴക്കികളുടെ വംശരോദനം.

കഴുമരത്തിന്റെയൊ
കാരാഗൃഹത്തിന്റെയൊ
വിളിപ്പാടകലെ
നെഞ്ചസ്ഥി വിരിച്ചുനിന്ന
വീരപൗരുഷത്തിന്
ചരിത്രത്തിൽ അയിത്തം
കല്പിക്കുമെന്ന്
സ്വപ്നത്തിൽപോലും
ചിന്തിച്ചിരുന്നില്ല.



**പി.കെ.ഗോപി**

ഹൃദയം മകുടിയാക്കിയവന്റെ
നാദസമർപ്പണം
നാഗങ്ങളെയല്ലാ,
നാഡികളെ വിളിച്ചുണർത്തുന്നതിനാൽ
നഗരനാടകത്തിന്റെ
തിരശ്ശീല വീണു പോയാലും
ക്ഷോഭമനസ്സുകൾക്ക്
വേഷമഴിച്ചു കളഞ്ഞ്
അടിമപ്പട്ട് പുതച്ച്
അണിയറയിലുറങ്ങാൻ വയ്യ!

# മൻ കീ ബാത്ത്




വെന്ന് ദുഃഖിതരായ കുടുംബങ്ങൾക്ക് ഉറപ്പേകാൻ ആഗ്രഹിക്കുന്നു. ഈ പ്രകൃതി ദുരന്തത്തിൽ മുറിവേറ്റവർ എത്രയും വേഗം ആരോഗ്യം വീണ്ടെടുക്കട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു. ജനങ്ങളുടെ ഉത്സാഹവും അദമ്യമായ ധൈര്യവും മൂലം കേരളം ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കു തികഞ്ഞ വിശ്വാസമുണ്ട്.എന്ന സാന്ത്വനത്തോടെയാണ് അദ്ദേഹം കേരളത്തിലെ പ്രളയത്തെക്കുറിച്ച് പറഞ്ഞുതുടങ്ങിയത്. തുടർന്ന് കേരളത്തെ കവർന്നെടുത്ത ആ വൻ ദുരന്തത്തിൽ നിന്നും മോചനം നേടുന്നതിന് വേണ്ട എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു.

അപകടങ്ങൾ അവശേഷിപ്പിച്ചു പോകുന്ന നാശനഷ്ടങ്ങൾ ദൗർഭാഗ്യപൂർണ്ണമാണ്. എന്നാൽ ആപത്ത് നേരത്ത് മനുഷ്യത്വത്തിന്റെ എത്രയോ ദൃശ്യങ്ങൾ നമുക്കു കാണാനാകും. എവിടെയാണ് അപകടം ഉണ്ടായത് എങ്കിലും, അത് കേരളത്തിലാണെങ്കിലും മറ്റേതെങ്കിലും സംസ്ഥാനത്താണെങ്കിലും ജില്ലയിലോ പ്രദേശത്തോ ആണെങ്കിലും ജനജീവിതം വീണ്ടും സാധാരണ നിലയിലേക്കെത്തുന്നതിനായി കച്ച് മുതൽ കാമരൂപ് വരെയും കാശ്മീർ മുതൽ കന്യാകുമാരിവരെയും എല്ലാവരും തങ്ങളുടേതായ നിലയിൽ എന്തെങ്കിലുമൊക്കെ ചെയ്യുന്നുണ്ട്. എല്ലാ പ്രായത്തിലുമുള്ളവരും എല്ലാ കർമ്മമേഖലയിലുമുള്ളവരും തങ്ങളുടേതായ പങ്കു വഹിക്കുന്നുണ്ട്. കേരളത്തിലെ ജനങ്ങളുടെ കഷ്ടപ്പാട് ഏറ്റവും ലഘൂകരിക്കാനും, അവരുടെ ദുഃഖം പങ്കുവയ്ക്കാനും എല്ലാവരും തങ്ങളുടെ പങ്ക് ഉറപ്പാക്കുന്നുണ്ട് എന്ന് വ്യക്തമാക്കിയ പ്രധാനമന്ത്രി ഇതിനായി നമ്മുടെ സായുധസേനയും ദുരന്തപ്രതിരോധസേനയും നടത്തുന്ന അക്ഷീണപ്രവർത്തനങ്ങളേയും എടുത്തുപറഞ്ഞു.

കേരളത്തിന്റെ സവിശേഷതയായ ഓണത്തേയും പ്രധാനമന്ത്രി ഇതിലൂടെ അനുസ്മരിച്ചു.ഇന്നലെ ഓണാഘോഷമായിരുന്നു. ഓണം രാജ്യത്തിന്, വിശേഷിച്ച് കേരളത്തിന് ഈ ആപത്തിൽ നിന്ന് എത്രയും വേഗം കരകയറാനും കേരളത്തിന്റെ വികസനയാത്രയ്ക്ക് കൂടുതൽ ഗതിവേഗമേകാനും ശക്തിയേകട്ടെ എന്നു നമുക്കു പ്രാർഥിക്കാം. ഞാൻ ഒരിക്കൽക്കൂടി എല്ലാ ദേശവാസികൾക്കുംവേണ്ടി കേരളത്തിലെ ജനങ്ങൾക്കും രാജ്യത്തെ ആപത്തുണ്ടായ മറ്റു പ്രദേശങ്ങളിലെ ജനങ്ങൾക്കും ഈ വിപത്തിന്റെ വേളയിൽ രാജ്യംമുഴുവൻ നിങ്ങളോടൊപ്പമുണ്ട് എന്ന് വിശ്വാസമേകാൻ ആഗ്രഹിക്കുന്നു എന്ന ഉണർവും ആത്മവിശ്വാസവും കേരളത്തിന് അദ്ദേഹം പകർന്നുനൽകിയത് ഈ പ്രഭാഷണ പരമ്പരയിലൂടെയായിരുന്നു.

അതുപോലെത്തന്നെ നാടിന്റെ ഓരോ ചെറുസ്പന്ദനം പോലും ഉൾപ്പെടുന്നതാണ് മനസുപറയുന്നത് എന്ന ഈ പരിപാടി. അവിടെ വലിപ്പചെറുപ്പമില്ല. പ്രധാനമന്ത്രി എന്നത് രാജ്യത്തിന്റെ ഏറ്റവും ഉന്നതമായ രണപരമായ പദവിയാണെന്നും അതുകൊണ്ട് മറ്റുള്ളവരെല്ലാം അവഗണിക്കപ്പെടേണ്ടവരാണെന്നുമുള്ള സ്ഥതി ഇതിലില്ല. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് 2015 ഒക്ടോബർ 25ന് ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്ത പ്രധാനമന്ത്രിയുടെ മൻകീ ബാത്ത്. അവയവദാനത്തെക്കുറിച്ചായിരുന്നു അതിലെ ഒരുഭാഗം. ആ കാര്യം പറയാൻ അദ്ദേഹം സന്നദ്ധനായത് തന്നെ കേരളത്തിലെ സ്കൂൾ കുട്ടികൾ അയച്ച കത്തുമൂലമായിരുന്നു. ഈ പരിപാടിയുമായി ബന്ധപ്പെട്ട കേരളത്തിലെ ഒരു പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയായ ശ്രദ്ധാ തമ്പാനെ ആദരിച്ച കണ്ണൂർ ആകാശവാണിയെ അഭിനന്ദിച്ചുകൊണ്ടാണ് പ്രധാനമന്ത്രിതന്റെ അന്നത്തെ മനസ് തുറന്നത്. അത് കേരളത്തിന് ലഭിച്ച അഭിനന്ദമായാണ് കാണേണ്ടത്. മാത്രമല്ല, കണ്ണൂർ ആകാശവാണിയെ ശ്ലാഘിച്ചുകൊണ്ട് ഇത് രാജ്യത്തെ ആകാശവാണി നിലയങ്ങൾ മാതൃകയാക്കണമെന്ന നിർദ്ദേശവും അദ്ദേഹം മുന്നോട്ടുവച്ചു.

എനിക്ക് കേരളത്തിലെത്തന്നെ മറ്റൊരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. കൊച്ചിയിലുള്ള ചിറ്റൂരിലെ സെന്റ് മേരി അപ്പർ പ്രൈമറി സ്കൂളിലെ വിദ്യാർത്ഥിനികൾ എനിക്ക് ഒരു കത്ത് അയയ്ക്കുകയുണ്ടായി. കത്ത് പലവിധത്തിലും വിശേഷതകൾ ഉള്ളതായിരുന്നു. അതിലൊന്ന്, ഒരു വലിയ തുണിയിൽ ഈ കുട്ടികൾ തങ്ങളുടെ പെരുവിരലുകളുടെ അടയാളംകൊണ്ട് ഭാരതാംബയുടെ ഒരു ചിത്രം വരച്ചിരുന്നു. ഭാരതാംബയുടെ, ഭാരതത്തിന്റെ ഭൂപടം അവർ എനിക്ക് അയച്ചു തന്നിരുന്നു. ഈ കുട്ടികൾ എന്തിന് തങ്ങളുടെ തള്ളവിരലുകളുടെ അടയാളംമാത്രം ഉപയോഗിച്ച് ഇന്ത്യയുടെ ഭൂപടം വരച്ച് എന്നതായിരുന്നു എന്നെ ആദ്യം ചിന്തിപ്പിച്ച കാര്യം. പക്ഷേ, അവരുടെ കത്തു വായിച്ചപ്പോഴാണ് എത്രയോ മഹത്തരമായ പ്രതീകം ഉപയോഗിച്ചുള്ള മഹത്തായ സന്ദേശമാണ് അവർ അയച്ചിരിക്കുന്നത് എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ പെൺകുട്ടികൾ രാജ്യത്തിന്റെ പ്രധാനന്ത്രിയെ മാത്രം ബോധവല്ക്കരിക്കുന്നവർ അല്ല, അവർ തങ്ങളുടെ പ്രദേശവാസികളെയും ബോധവാന്മാരാക്കുന്ന കാര്യത്തിൽ ശ്രദ്ധാലുക്കളാണ്. അവരുടെ ലക്ഷ്യം അവയവദാനമാണ്. അതിനുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങളുമാണ്. ഈ കുട്ടികൾ പല സ്ഥലങ്ങളിലും സഞ്ചരിച്ച് ജനങ്ങളിൽ അവയവദാനത്തിനുള്ള അവബോധം സൃഷ്ടിക്കുവാൻ സഹായകരമായ കലാ-നാടക പ്രവർത്തനങ്ങളും നടത്തുന്നവരാണ്. അവയവദാനം ലക്ഷ്യവും പ്രവൃത്തിയും ആയിരിക്കണം. ഈ കുഞ്ഞുങ്ങൾ എനിക്കയച്ച കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്, മൻ കീ ബാത് പരിപാടിയിലൂടെ ഞാൻ അവയവദാനത്തിന് ആഹ്വാനം ചെയ്യണമെന്നാണ്.

ഈ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് പ്രധാനമന്ത്രി രാജ്യത്തോട് തന്റെ ആഹ്വാനവും നിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്തു.

സാക്ഷരതയിലും അറിവിലും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇതിന് സാദ്ധ്യമായത് വായനയിലൂടെയാണ്. ഈ വായന നമ്മുടെ സംസ്ഥാനത്ത് എല്ലായിടത്തും എത്തിച്ച വ്യക്തിയാണ് പി.എൻ. പണിക്കർ. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി എല്ലാ വർഷവും വായനാവാരം ആചരിക്കുന്നുമുണ്ട്. കഴിഞ്ഞവർഷം ഈ പരിപാടി ഉദ്ഘാടനം ചെയ്തത് പ്രധാനമന്ത്രിയായിരുന്നു. വായനയുടെ സന്ദേശം രാജ്യമാകെ പരത്താൻ കേരളത്തിന്റെ മുൻകൈയിൽ നടക്കുന്ന ഇത്തരമൊരു പരിപാടിയാണ് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടിയത്. വായനയുടെ പ്രാധാന്യവും പുസ്തകങ്ങളുടെ മൂല്യവും അതിന് കേരളീയർ നൽകുന്ന പ്രാധാന്യവും ചൂണ്ടിക്കാട്ടിക്കൊണ്ട് പ്രധാനമന്ത്രി 2017 ജൂൺ 25ന് നടത്തിയ പ്രഭാഷണം കേരളത്തെ സംബന്ധിച്ച് ഏറെ അഭിമാനം പകരുന്നതാണ്.

അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ കഴിഞ്ഞ ദിവസം എനിക്ക് വളരെ പ്രിയപ്പെട്ട ഒരു പരിപാടിക്ക് പോകാൻ അവസരമുണ്ടായി. കേരളത്തിൽ പി.എൻ.പണിക്കർ ഫൗണ്ടേഷൻ നടത്തുന്ന പരിപാടി വർഷങ്ങളായുള്ളതാണ്. ആളുകൾക്ക് പുസ്തകം വായിക്കുന്ന ശീലമുണ്ടാകാൻ, അക്കാര്യത്തിൽ ഒരു ഉണർവ്വുണ്ടാകാൻ വായനദിനം, വായനമാസം എന്നിവ ആഘോഷിക്കുന്നു. അതിന്റെ ഈ വർഷത്തെ ഉദ്ഘാടനത്തിന് പോകാനുള്ള അവസരമുണ്ടായി. അവർ പറഞ്ഞത് അവർ ബൊക്കെയ്ക്കു പകരം പുസ്തകം കൊടുക്കുന്നു എന്നാണ്. എനിക്ക് നന്നായി എന്നു തോന്നി. എന്റെ മനസ്സിൽ നിന്ന് മറന്നുപോയിരുന്ന ഇക്കാര്യം ഓർമ്മ വന്നു. ഞാൻ ഗുജറാത്തിലായിരുന്നപ്പോൾ ബൊക്കെയ്ക്കു പകരം പുസ്തകം, അതല്ലെങ്കിൽ കൈലേസ് കൊടുക്കുന്ന സമ്പ്രദായം ആരംഭിച്ചിരുന്നതാണ്.

പ്രധാനമന്ത്രിയുടെ മനസിൽ ഇടംപിടിക്കാനായി എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനപ്പെട്ടതാണ്. കേരളം രാജ്യത്തിന് മുന്നിൽ വയ്ക്കുന്ന മാതൃകകൾ ഉൾക്കൊള്ളുന്നുവെന്നും കേരളീയ ജനതയുടെ ദുഃഖങ്ങളിൽ പങ്കുചേരുന്നുവെന്നും പ്രധാനമന്ത്രിയുടെ ഈ വാക്കുകൾ വ്യക്തമാക്കുന്നുമുണ്ട്. ഇത് കേരളത്തിന് ഉണർവും ഉന്മേഷവും നൽകുന്നത് തന്നെയാണ്.



# കേരളനവോത്ഥാനം

എം.ജി.എസ്. നാരായണൻ

മതസംബന്ധമായ ആധിപത്യം ഉണ്ടായിരുന്നുവെങ്കിൽപോലും മതങ്ങളുടെ വൈവിധ്യം നമ്മെ ബാധിച്ചിരുന്നു. ഹിന്ദുമതവും ബുദ്ധമതവും ജൈനമതവും ഇസ്ലാം മതവും ക്രിസ്തുമതവുമൊക്കെ സഹവർത്തിത്വത്തോടെയായിരുന്നു. മൂഷികവംശം എന്ന സംസ്കൃത കാവ്യത്തിൽ പറയുന്നതു പോലെ ആശ്രമപരിസരത്ത് വന്യജീവികൾ എങ്ങനെയാണോ തങ്ങളുടെ വൈരം മറന്ന് സൗഹാർദ്ദത്തിൽ ജീവിക്കുന്നത് അതുപോലെയാണ് ഈ നാട്ടിൽ വ്യത്യസ്ത മതസ്ഥർ ജീവിച്ചിരുന്നത്. ഇതു കുറെയൊക്കെ ശരിയുമാണ്. എങ്കിലും വൈരുദ്ധ്യങ്ങളും വൈചിത്ര്യങ്ങളും ധാരാളം ഉണ്ടായിരുന്നു. നാനാത്വത്തിൽ ഏകത്വം എന്നു പറയുന്ന ഒന്നാണ് ഈ മഹാരാജ്യത്ത് നടന്നത്.

ണമായി കണക്കാക്കുവാൻ പ്രയാസമാണ്.

ഹിന്ദു-മുസ്ലീം സമുദായങ്ങൾ തമ്മിൽ വളരെ അടുത്ത പെരുമാറ്റവും അതിലൂടെയുള്ള വാണിജ്യപരമായ സമൃദ്ധിയും ഈ രാജ്യത്തുണ്ടായിരുന്നു. ഇന്ന് അതിനെന്തു പറ്റി? എത്രത്തോളം അത് നിലനിൽക്കുന്നുണ്ട്. കേരളമാതൃക എന്നു പറയുന്നത് എല്ലാം നല്ലതുതന്നെയാണോ. എല്ലാ പൈതൃകത്തിനും അതിന്റേതായ ദുർബല വശങ്ങൾ ഉണ്ടാവും. അതിന്റേതായ ശോഭനവശങ്ങളും ഉണ്ടാവും. ഇവിടെ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നൊരു വീണ്ടുവിചാരം ആവശ്യമായിരിക്കുന്നു എന്നു തോന്നാം. ശരിയാണ്. അതുകൊണ്ടാണ് സമൂഹങ്ങളുടെ സഹവർത്തിത്വം എന്ന ഈ കേരളമാതൃകയെപ്പറ്റി നാം പുനർവിചാരണ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ നിലയ്ക്ക് പല സമൂഹങ്ങളും അന്യോന്യം കലഹിക്കുന്നുണ്ട്. സഖ്യം വയ്ക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം പഴയമാതിരിയുള്ള വാണിജ്യസമൃദ്ധി ഇന്നുണ്ടാവുന്നില്ല. ഒരുകാലത്ത് കൊടുങ്ങല്ലൂരായിരുന്നു നമ്മുടെ പ്രധാന തുറമുഖം. മുസ്സിരിസ് എന്നും മുചിരി എന്നും പറയുന്ന തുറമുഖമാണ് നമ്മുടെ പ്രധാനപ്പെട്ട തുറമുഖമെങ്കിൽ, അന്യരാജ്യങ്ങളുമായി കടൽവഴി ബന്ധപ്പെട്ടിരുന്ന വാതായനമെങ്കിൽ, ഇന്ന് അതല്ല. കൊടുങ്ങല്ലൂരിനു പകരം കൊച്ചിയുണ്ട്. വടക്ക് കണ്ണൂരുണ്ട്. ഏഴിമലയുടെ പരിസരങ്ങളുണ്ട്. തെക്ക് വിഴിഞ്ഞമുണ്ട്. കൊല്ലമുണ്ട്. അങ്ങനെ ഒരുപാട് തുറമുഖങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. അങ്ങനെയൊക്കെയുണ്ടായിട്ടും പഴയപോലെയുള്ള സൗഹൃദത്തിന് പല തരത്തിലുള്ള വിഘാതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് നവോത്ഥാനത്തിനു പുതുവഴികൾ നാം തേടേണ്ടിയിരിക്കുന്നു എന്നു പറയുന്നത്.

യൂറോപ്പിലെ നവോത്ഥാനം ഒരു പ്രത്യേക കാലഘട്ടത്തിന്റെ അവസ്ഥാവിശേഷമാണ്. അതുപോലെ എല്ലായിടത്തും ഉണ്ടായിക്കൊള്ളണമെന്നില്ല. കത്തോലിക്കപള്ളിക്ക് ആധിപത്യമുണ്ടായിരുന്ന ഒരു കാലം, ആ മധ്യകാലത്തിൽ മതസംബന്ധമായ വികാരങ്ങളായിരുന്നു ആധിപത്യത്തിലെത്തിയിരുന്നത്. അത് മാറി മാനവികത എന്ന ഒരു ആദർശം വച്ചുകൊണ്ട് ഉണ്ടായതാണ് യൂറോപ്പിലെ നവോത്ഥാനം. നമുക്ക് അതാവണമെന്നില്ല. മതസംബന്ധമായ ആധിപത്യം ഉണ്ടായിരുന്നുവെങ്കിൽപോലും മതങ്ങളുടെ വൈവിധ്യം നമ്മെ ബാധിച്ചിരുന്നു. ഹിന്ദുമതവും ബുദ്ധമതവും ജൈനമതവും ഇസ്ലാം മതവും ക്രിസ്തുമതവുമൊക്കെ സഹവർത്തിത്വത്തോടെയായിരുന്നു. മൂഷികവംശം എന്ന സംസ്കൃത കാവ്യത്തിൽ പറയുന്നതുപോലെ ആശ്രമപരിസരത്ത് വന്യജീവികൾ എങ്ങനെയാണോ തങ്ങളുടെ വൈരം മറന്ന് സൗഹാർദ്ദത്തിൽ ജീവിക്കുന്നത് അതുപോലെയാണ് ഈ നാട്ടിൽ വ്യത്യസ്ത മതസ്ഥർ ജീവിച്ചിരുന്നത്. ഇതു കുറെയൊക്കെ ശരിയുമാണ്. എങ്കിലും വൈരുദ്ധ്യങ്ങളും വൈചിത്ര്യങ്ങളും ധാരാളം ഉണ്ടായിരുന്നു. നാനാത്വത്തിൽ ഏകത്വം എന്നു പറയുന്ന ഒന്നാണ് ഈ മഹാരാജ്യത്ത് നടന്നത്. നരവംശങ്ങൾ, ഭാഷകൾ, ആചാരങ്ങൾ എല്ലാത്തിലും വൈവിധ്യമുള്ള ഒന്നാണ് ഇന്ത്യൻ ഉപഭൂഖണ്ഡം ഒരു രാജ്യം മാത്രമല്ല, രാജ്യസമൂഹമാണെന്നു പറയാവുന്നതാണ് ശരി. അതുകൊണ്ട് പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും ഈ പശ്ചാത്തലത്തിൽ എങ്ങനെ മുന്നോട്ടു പോകാൻ കഴിയും എന്നാണ് ആലോചിക്കേണ്ടത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഇവിടെ മാറ്റങ്ങൾ വന്നു. പഴയ ജന്മിത്വം, നാടുവാഴിത്വം അവസാനിപ്പിക്കണമെന്ന് അന്ന് പുരോഗമനചിന്ത കൊണ്ടുനടന്നിരുന്നവർ വാദിച്ചു. പക്ഷെ, ഈ പുരോഗമനവാദക്കാർക്കു തന്നെ കുറച്ചുകഴിഞ്ഞപ്പോൾ ആശയക്കുഴപ്പമുണ്ടായി. പഴയ നാടുവാഴിത്ത്വവും ജന്മിത്വവുമൊക്കെ മാറിക്കഴിഞ്ഞാൽ സമത്വസുന്ദരമായ സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റ് വ്യവസ്ഥയുണ്ടാകും എന്നാണ് പലരും ധരിച്ചിരുന്നത്. അത് തെറ്റിദ്ധാരണയായിരുന്നു. ഒരു രാജ്യത്തും അങ്ങനെ ഉണ്ടായിട്ടില്ല. പഴയ ഫ്യൂഡൽ നാടുവാഴിത്ത്വ ജന്മിത്ത സമ്പ്രദായങ്ങൾ നശിച്ചാൽ പിന്നീടുണ്ടാകുന്നത് മുതലാളിത്തമെന്നു പറയുന്ന സമ്പ്രദായമാണ്. സമത്വസുന്ദരമായ സോഷ്യലിസം വരുമെന്നു വിചാരിച്ചിരുന്നവർ കുറച്ചുകഴിഞ്ഞപ്പോൾ അങ്ങനെയല്ല ഉണ്ടാവുന്നതെന്നു മനസ്സിലാക്കി. മാത്രവുമല്ല, നശിച്ചുതുടങ്ങിയിട്ടുള്ള ജന്മിനാടുവാഴി സമ്പ്രദായത്തിന്റെ സ്ഥാനത്ത് പുതിയ തൊഴിലുകളൊന്നും ഉണ്ടായില്ല. വ്യവസായവത്കരണം നടന്നില്ല. അങ്ങനെ നടന്നിട്ടുള്ള വ്യവസായവത്കരണം തന്നെ ജനങ്ങളെ കൂടുതൽ കൂടുതൽ അസമത്വത്തിലേക്ക് നയിക്കുന്നു എന്നൊക്കെയുള്ള വിചാരങ്ങൾ വന്നു. അതോടുകൂടിയാണ് അതിന്റെ ഗതി മന്ദീഭവിച്ചത്. തൊഴിലില്ലാതായി. പഴയ നാടുവാഴിസമ്പ്രദായം നശിക്കുകയും ചെയ്തു; പുതിയൊരു സമത്വാധിഷ്ഠിതമായ സമൂഹം ഉണ്ടാവുകയും ചെയ്തില്ല. അങ്ങനെവന്നപ്പോൾ കേരളീയ ജനങ്ങൾക്ക് തൊഴിൽ ഇല്ലാതായി. അവർ അഗതികളായി. അവർ നാടുവിട്ടുപോയി. അതാണ് കേരളത്തിന്റെ ഡയസ്പോറ എന്നു പറയുന്ന വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം. അത് വലിയ തോതിൽ നടക്കുകയുണ്ടായി.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽക്കു തന്നെ കേരളത്തിൽനിന്ന് ഗൾഫ് രാജ്യങ്ങളിലേക്ക്, ആഫ്രിക്കയിലേക്ക്, അമേരിക്കയിലേക്ക് ഒക്കെ ഒരുപാടു കുടിയേറ്റം നടന്നു. അതിൽ നാം അഭിമാനിക്കുന്നുണ്ടെങ്കിൽപോലും അന്ന് ഗതികെട്ടിട്ടാണ് ഇവിടെനിന്നും പോയത്. കപ്പലിനുള്ള പണംപോലുമില്ലാതെ കള്ളക്കപ്പൽകയറി മറ്റു രാജ്യങ്ങളിലെത്തി. എവിടെ എത്തിയെന്നറിയാതെ പലരും മരിച്ചുപോയി. പല കപ്പലുകളും മുങ്ങിപ്പോയി. പലയിടത്തും ജീവിതത്തിനുള്ള സൗകര്യം ഉണ്ടായില്ല. അങ്ങനെയൊക്കെ സംഭവിച്ചു. എന്നാൽ അതിന്റെ ഫലമായിട്ട്, പല രാജ്യങ്ങളിലും കുടിയേറിപ്പറ്റുകയും ചെയ്തു. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ആളുകൾക്ക് പലതൊഴിലുകളും അറിയില്ലായിരുന്നു. ആ സ്ഥാനത്തൊക്കെയാണ് നമ്മുടെ ആളുകൾ കയറിപ്പറ്റിയത്. പിന്നീട് അവർക്ക് ആധുനിക വിദ്യാഭ്യാസവും ഇംഗ്ലീഷിന്റെ പരിചയവും വാണിജ്യത്തിന്റെ സമ്പ്രദായങ്ങളുമായിട്ടുള്ള സമ്പർക്കമൊക്കെയുണ്ടായതിനുശേഷം നമ്മൾ ചെന്നുചേർന്നിടത്തുനിന്നും തിരിച്ചുവരേണ്ടിവന്നു. ഇപ്പോഴത് നടന്നുകൊണ്ടിരിക്കുകയാണ്.

ഒരിക്കൽ കേരളത്തിൽനിന്നും പുറത്തുപോയിരുന്നവർ തിരികെവരാൻ നിർബന്ധിതരായിരിക്കുന്നു. തിരികെ വരുമ്പോൾ അവരെ സ്വീകരിക്കാൻ നമ്മൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഒന്നും ചെയ്തിട്ടില്ല. യാതൊരു മുന്നൊരുക്കങ്ങളും നമ്മൾ ചെയ്തിട്ടില്ല. അതുകൊണ്ട് നമ്മുടെ സാമ്പത്തികപ്രശ്നം, സാമൂഹിക പ്രശ്നം എല്ലാം വളരെ സങ്കീർണ്ണമായി മാറുകയാണ് ചെയ്തിട്ടുള്ളത്. ഈ സന്ദർഭത്തിലാണ് നമ്മൾ നവോത്ഥാനത്തെപ്പറ്റി പുതിയതായിട്ട് ആലോചിക്കേണ്ടത്. പുതിയ വ്യവസായവത്കരണത്തിന്റെ മാർഗ്ഗങ്ങൾ ഉണ്ടാക്കാൻ കഴിയണം. അത് മുതലാളിത്വത്തിൽ കൂടിയാവണം എന്നില്ല. പക്ഷെ, അങ്ങനെയാവാതെ നിവൃത്തിയുമില്ല. ഇവിടെ നമ്മൾ കമ്യൂണിസവും സോഷ്യലിസവുമൊക്കെ പറയുന്നുണ്ടെങ്കിലും ആ തരത്തിലുള്ള സമത്വഭാവന വളരെയൊന്നും വളർന്നിട്ടുണ്ടെന്ന് വിശ്വാസിക്കാനാവുന്നില്ല. ഈ പ്രത്യേക പ്രതിസന്ധിയിൽ എന്തുചെയ്യാൻ കഴിയും. സമൂഹങ്ങൾക്ക് എങ്ങനെ സൗഹൃദത്തോടുകൂടി സഹവർത്തിത്വം നിലനിർത്താനും വളർ ത്താനും കഴിയും എന്നാണ് നാം ആലോചിക്കേണ്ടത്. ഒരു പക്ഷെ അതു നമുക്കു സാധിച്ചേക്കാം. ബോധവത്കരണം ജനങ്ങൾക്കിടയിൽ നടത്തണം. ചില മെച്ചങ്ങൾ കിട്ടിയിട്ടുണ്ട്. ഒന്ന് സാക്ഷരത. നമ്മുടെ മാത്രം പ്രയത്നം കൊണ്ട് ഉണ്ടായതാണെന്നു പറയാൻ പറ്റില്ല. ഗുണ്ടർട്ടിനെപ്പോലെയുള്ള വിദേശ മിഷനറിമാർ, ബാസൽ മിഷന്റെ പ്രവർത്തകർ, ലണ്ടൻ മിഷന്റെ പ്രവർത്തകർ ഇവരൊക്കെകൂടിയാണ് കേരളത്തിൽ സാക്ഷരത ഉണ്ടാക്കിയത്. നൂറെന്നു പറയാൻ പറ്റില്ലെങ്കില്ലും എൺപത് തൊണ്ണൂറു ശതമാനമെങ്കിലുമുണ്ട്. പത്രങ്ങളുടെ പ്രചാരം, അച്ചടിയുടെ പ്രചാരം ഇതിനു സഹായകമായി. ഇതുംകൂടി ഉപയോഗപ്പെടുത്തിയിട്ട് പുതുതായി എന്താണ് ചെയ്യാൻ കഴിയുക? എങ്ങനെയാണ് ഈ സമൂഹങ്ങളുടെ സഹവർത്തിത്വത്തെ, അവ തമ്മിലുള്ള മത്സരത്തിൽ എത്തിക്കുന്നതിനു പകരം അവ തമ്മിലുള്ള സഹകരണത്തോടുകൂടി പുതിയ വ്യവസായപ്രവർത്തനങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സാധിക്കുക എന്നാണ് ചിന്തിച്ചുനോക്കേണ്ടത്. സാധിച്ചുകൂടായ്കയില്ല. കാരണം, കേരളത്തിന് പ്രകൃതിസിദ്ധമായ വിഭവങ്ങൾ ധാരാളമുണ്ട്. മറ്റു രാജ്യങ്ങളിൽ ഇല്ലാത്തവിഭവങ്ങളുണ്ട്. മലമ്പ്രദേശങ്ങളിലാണ് അധികമുള്ളത്. അവിടെനിന്ന് നാല്പത്തിനാല് നദികൾ ഇവിടേക്ക് ഒഴുകുന്നുണ്ട്. പശ്ചിമഘട്ടത്തിൽനിന്നും അറബിക്കടലിലേക്ക് ഒഴുകുന്ന നദികൾ വഴി മലമ്പ്രദേശങ്ങളിലുള്ള മലഞ്ചരക്കുകൾ ചങ്ങാടങ്ങളിലും പുഴകളിലും കൂടി ഒഴുകിവന്ന് തുറമുഖങ്ങളിലെത്തിക്കും. സ്വാഭാവികമായ പല തുറമുഖങ്ങളും നമുക്കുണ്ട്. കോഴിക്കോട് മാത്രമല്ല, കൊയ്‌ലാണ്ടി മാത്രമല്ല, കണ്ണൂരിന്റെ പരിസരങ്ങളിൽ മാത്രമല്ല, വിഴിഞ്ഞത്തുമുണ്ട് തുറമുഖം. പല സ്വാഭാവിക തുറമുഖങ്ങളും നമുക്കുണ്ട്. ചെറിയൊരു ബുദ്ധിമുട്ട് എന്താണെന്നുവച്ചാൽ കാലവർഷക്കാറ്റടിക്കുമ്പോൾ വർഷത്തിന്റെ ആദ്യത്തെ മൂന്നാലു മാസങ്ങളിൽ പടിഞ്ഞാറുനിന്ന് കിഴക്കോട്ടടിക്കും. പഴയകാലത്താണെങ്കിൽ പായ്ക്ക പ്പലുകൾ നിർബാധം ഇവിടെ വന്നെത്തുമായിരുന്നു. പക്ഷെ, അതുകഴിഞ്ഞുണ്ടാകുന്ന മഴക്കാലത്ത് കാറ്റും കോളുമൊക്കെയുണ്ടാകുമ്പോൾ ആ കപ്പലുകൾക്ക് ഇവിടെ നിൽക്കാൻ പറ്റില്ല. തിരയടിച്ച് തകർന്നുപോകും. മരക്കപ്പലുകളായിരുന്നു. അതുകൊണ്ട് അവയ്ക്ക് നിലനിൽക്കണമെങ്കിൽ കുറച്ചെങ്കിലും സമുദ്രം അകത്തേക്കു കടന്നുനിൽക്കുന്ന ചില സ്ഥലങ്ങളുണ്ടാവണം. പന്തലായനി, കുരെക്കണികൊല്ലം പോലുള്ള ഉൾപ്രദേശങ്ങൾ തുറമുഖങ്ങളായിട്ട് മാറി. അങ്ങനെ അഞ്ചാറു തുറമുഖങ്ങൾ നമുക്കുണ്ടാവുകയും ചെയ്തു. ഇതിന്റെയൊക്കെ ഫലമായിട്ട് സ്വാഭാവികമായിത്തന്നെ പ്രകൃതിസിദ്ധമായ രീതിയിൽ തന്നെ നമുക്ക് സമൂഹങ്ങളുടെ സഹവർത്തിത്വം ഉണ്ടായിട്ടുണ്ട്. നമ്മുടെ ആളുകൾ പുറത്തുപോയിട്ടുണ്ട്. മറ്റുള്ളവർ ഇവിടെ വന്നിട്ടുണ്ട്. അങ്ങനെയുള്ള കൊള്ളകൊടുക്കലുകളിൽകൂടി ലോകപൗരത്വത്തിനുള്ള അവകാശം നമുക്കു സിദ്ധിച്ചിട്ടുണ്ട്. അതെത്രത്തോളം പ്രായോഗികമാക്കാൻ കഴിയും, നിലനിർത്താൻ കഴിയും എന്നാണ് ഇനി ചിന്തിക്കേണ്ടത്. ഇരുപത്തിയൊന്നാം നൂറ്റാണ്ട് പോയ നൂറ്റാണ്ടിലെപ്പോലെ നവോത്ഥാനം വേണ്ടത്ര നടന്നിട്ടില്ല. തികച്ചും നടക്കാതെ പോയി എന്നു പറയാൻ പറ്റില്ല. ശ്രീനാരായണഗുരുവിന്റെയും വി.ടി.ഭട്ടതിരിപ്പാടിന്റെയും പ്രവർത്തനങ്ങൾ നടന്നുകൊണ്ടേയിരിക്കുന്നുണ്ടല്ലോ. പക്ഷെ, തുടക്കത്തിൽ ചട്ടമ്പിസ്വാമികളോ ശ്രീനാരായണഗുരുവോ, വി.ടി. ഭട്ടതിരിപ്പാടോ നടത്തിയിരുന്ന അത്രയും ആവേശത്തോടുകൂടി അതു നടക്കുന്നില്ലായെന്നുമാത്രമേയുള്ളൂ.

**ഗുണ്ടർട്ടിനെപ്പോലെയുള്ള വിദേശമിഷനറിമാർ, ബാസൽ മിഷന്റെ പ്രവർത്തകർ, ലണ്ടൻ മിഷന്റെ പ്രവർത്തകർ ഇവരൊക്കെകൂടിയാണ് കേരളത്തിൽ സാക്ഷരത ഉണ്ടാക്കിയത്. നൂറെന്നു പറയാൻ പറ്റില്ലെങ്കില്ലും എൺപത് തൊണ്ണൂറുശതമാനമെങ്കിലുമുണ്ട്. പത്രങ്ങളുടെ പ്രചാരം, അച്ചടിയുടെ പ്രചാരം ഇതിനു സഹായകമായി.**

നവംബർ 26

# വർഗീസ് കുര്യൻ

**ജോർജ് തഴക്കര**



**ഇ**ന്ത്യൻ ധവളവിപ്ലവത്തിന്റെ പിതാവാണ് ഡോ.വറുഗീസ് കുര്യൻ. ലോകത്തിലെ ഏറ്റവും വലിയ പാലുല്പാദനകേന്ദ്രമാക്കി രാജ്യത്തെ മാറ്റിയതിനു പിന്നിലെ അദ്ദേഹത്തിന്റെ നിയോഗം രാജ്യം നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

1921 നവംബർ 26ന് ജനനം. കോട്ടയം പുത്തൻപുരയ്ക്കൽ ഡോ.കുര്യന്റെ മകൻ കോഴിക്കോട്ടാണ് ജനിച്ചത്. പതിനാലാം വയസ്സിൽ ശാസ്ത്രപഠനത്തിനായി മദ്രാസ് ലയോള കോളജിൽ ചേർന്നു. കോളജ് വിദ്യാഭ്യാസം പൂർത്തിയായിയെങ്കിലും എഞ്ചിനീയറിംഗിന് പഠിക്കുവാനുള്ള പ്രായമാകാത്തതിനെതുടർന്ന് ഗിണ്ടി കോളജിൽ മറ്റൊരു ബിരുദത്തിനുവേണ്ടി പഠിച്ചു. പഠനത്തോടൊപ്പം സ്പോർട്സിലും സമയം കണ്ടെത്തി. വറുഗീസ് കുര്യന്റെ ഇരുപത്തിരണ്ടാം വയസ്സിൽ പിതാവ് മരിച്ചു. അമ്മാവൻ ചെറിയാൻ മത്തായിയുടെ ചുമതലയിലാണ് പിന്നീട് വറുഗീസ് കുര്യൻ പഠിച്ചതും വളർന്നതും.

ചെന്നൈയിൽ ഗിണ്ടി എൻജിനീയറിംഗ് കോളജിൽ നിന്നു ബിരുദം നേടിയശേഷം 1944ൽ ജംഷഡ്പൂരിൽ ടാറ്റാ അയൺ ആൻഡ് സ്റ്റീൽ കമ്പനിയിൽ അപ്രന്റീസായി. അമ്മാവനായ ജോൺ മത്തായി (പിന്നീടദ്ദേഹം ഇന്ത്യയുടെ ധനകാര്യമന്ത്രിയായിരുന്നു) ടാറ്റാ വ്യവസായ സ്ഥാപനങ്ങളുടെ മേലുദ്ധ്യോഗസ്ഥനായിരുന്നു. ജോൺമത്തായി ജംഷഡ്പൂർ സന്ദർശിച്ചപ്പോൾ അനന്തിരവനെ കാണാൻ വന്നു. ഡയറക്ടറുടെ പ്രത്യേക പ്രീതിക്ക് ഇതു കാരണമായി. അമ്മാവന്റെ വരവോടെ തനിക്ക് ജോലിയിൽ കയറ്റം കിട്ടുമെന്നു മനസ്സിലാക്കിയ വറുഗീസ് കുര്യൻ അതാഗ്രഹിച്ചില്ല. ഇക്കാലത്ത് ബ്രിട്ടീഷ് ഗവൺമെന്റ് നൽകുന്ന സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിച്ചിരുന്നു. വിദേശത്തുപോയി മെറ്റലർജിയിലും ന്യൂക്ലിയർ ഫിസിക്സിലും മാസ്റ്റർ ബിരുദം നേടണമെന്നതായിരുന്നു ആഗ്രഹമെങ്കിലും സ്കോളർഷിപ്പ് ലഭിച്ചത് ഡയറി എഞ്ചിനീയറിംഗിലായിരുന്നു. ഗവൺമെന്റ് സ്കോളർഷിപ്പോടുകൂടി അമേരിക്കയിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി. പഠനം കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ വറുഗീസ് കുര്യൻ പരിഷ്കാരിയായി മാറി. പച്ച ഷർട്ട്, മഞ്ഞ പാന്റ്സ്, പച്ചത്തൊപ്പി ഇതൊക്കെയായിരുന്നു വേഷം. ബാംഗ്ലൂരിലെ ഇംപീരിയൽ ഡയറി ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറി എഞ്ചിനീയറായി തെരഞ്ഞെടുത്ത വറുഗീസ് കുര്യൻ ആനന്ദിലെത്തി. പരിഷ്കാരത്തിന്റെ ലോകത്തുനിന്നും അപരിഷ്കൃതസമൂഹത്തിലേക്കാണ് കുര്യൻ എത്തപ്പെട്ടത്.

വിധി വൈപരീത്യത്തിന്റെ നിഴൽവീണ ദശാസന്ധിയിലാണ് കുര്യൻ ഗുജറാത്തിലെ പൊടിയണിഞ്ഞ ഗ്രാമത്തിലേക്ക് കടന്നുവന്നത്. ബാംഗ്ലൂരിലെ ഡെയറി ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമതിനാകേണ്ട കുര്യനെ ഉദ്യോഗസ്ഥന്മാരുടെ ഗൂഢാലോചനയുടെ ഫലമായിട്ടാണ് ആനന്ദിൽ ഡെയറി എഞ്ചിനീയറായി നിയമിച്ചത്. ആനന്ദിലെ തകർന്നു പൊളിഞ്ഞ ഗാരിജിലാണ് ഔദ്യോഗിക ജോലിയുടെ ഭാഗമായി താമസിക്കേണ്ടിവന്നത്. 350 രൂപ ശമ്പളം പറ്റിക്കൊണ്ട് പ്രത്യേകിച്ചു ഒന്നും ചെയ്യുവാൻ കഴിയാത്ത അവസ്ഥയിൽ പല പ്രാവശ്യം രാജിക്ക് അപേക്ഷിച്ചെങ്കിലും അതംഗീകരിച്ചത് ഏതാണ്ട് ഒരു വർഷത്തിനു ശേഷമാണ്.

മുംബൈയിൽ ജീവിതം പറിച്ചുനടുവാൻ പോകുന്ന ഇടക്കാലയളവിലാണ് കയ്റ ഡിസ്ട്രിക് കോപ്പറേറ്റീവ് മിൽക് പ്രൊഡ്യൂസേഴ്സ് യൂണിറ്റിന്റെ ചുമതല ഏറ്റെടുക്കുന്നത്. യൂണിറ്റിന്റെ ചുമതല വഹിച്ചിരുന്ന ത്രിഭുവൻ ദാസ് പട്ടേലിന്റെ പ്രേരണ അതിനു പ്രേരകമായി. സർദാർ വല്ലഭായ് പട്ടേലും മൊറാർജി ദേശായിയും ആരംഭിച്ച യൂണിറ്റായിരുന്നതിനാൽ അതിനോട് പ്രത്യേകിച്ചൊരു താല്പര്യവും കുര്യനിലുണ്ടായി. ബ്രിട്ടനിലെ ഓടകളിലെ വെള്ളത്തേക്കാൾ മോശമാണ് ഇന്ത്യയിലെ പാൽ സമാഹരണം എന്ന തരത്തിലുള്ള ചില വാർത്തകളും കുര്യന്റെ മനസ്സിനെ പ്രക്ഷുബ്ദമാക്കിയിരുന്നു.

1952ൽ കുര്യൻ പാൽസംസ്കരണത്തിന്റെ വിളനിലമായിരുന്ന ന്യൂസിലന്റിൽ പോയി. അവിടെനിന്നും ഓസ്ട്രേലിയായിലും. ക്ഷീരസംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാനപാഠങ്ങൾ പഠിച്ചു. പേരുകേട്ട സാങ്കേതിക വിദഗ്ദ്ധരായ പ്രൊഫ.വില്യം റിഡറ്റ് (ന്യൂസിലന്റ് ഡെയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), പ്രൊഫ.എച്.ഡി.കെ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ആന്റ് ഡെയറിയിങ്, ബ്രിട്ടൻ) എന്നിവരുടെ വിലയിരുത്തൽ എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുവാൻ കഴിയില്ലായെന്നായിരുന്നു. ന്യൂസിലന്റിൽ നിന്നും ലഭിച്ച പരിശീലനത്തിന്റെ ഫലമായി എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കാനാകുമെന്നു കുര്യൻ മനസ്സിലാക്കി. അതിൽ വിജയിച്ചു.

തന്റെ വ്യക്തിപരമായ തോൽവിയെ സമൂഹത്തിന്റെ വിജയമാക്കി മാറ്റുവാൻ കുര്യനു കഴിഞ്ഞു. ഇടനിലക്കാരുടെ അമിതമായ ചൂഷണത്തിൽ നിന്നും ക്ഷീരകർഷകരെ രക്ഷിക്കുക എന്ന ദൗത്യമായിരുന്നു കുര്യൻ ഏറ്റെടുത്തത്. സഹകരണാടിസ്ഥാനത്തിൽ ക്ഷീരകർഷകരെ കൂട്ടിയോജിപ്പിക്കുവാനും അവരുടെ പാൽ സമാഹരിക്കുവാനുമായി സംഘങ്ങൾ രൂപീകരിച്ചു തുടങ്ങിയതോടെ ക്ഷീരകർഷകർ അംഗീകരിക്കപ്പെട്ടു. നിത്യദാരിദ്ര്യത്തിൽനിന്നും കർഷകർ മോചിതരായിത്തുടങ്ങി. അവരുടെ മനസ്സിൽ കുര്യൻ സ്ഥാനം പിടിച്ചു. പല വീടുകളുടെയും ചുവരുകളിൽ ദേവന്മാരോടൊപ്പം കുര്യന്റെ ചിത്രവും സ്ഥാനം പിടിച്ചു.

കുര്യനിലൂടെ വിവിധങ്ങളായ ക്ഷീരപദ്ധതികൾ തുടങ്ങുകയായിരുന്നു. അഞ്ചു വർഷം കൊണ്ട് മറ്റു സംസ്ഥാനങ്ങൾ ഈ പദ്ധതികളെ ശ്രദ്ധിച്ചുതുടങ്ങി. കർഷകർക്ക് കൂടുതൽ വരുമാനം ലഭിച്ചുകൊണ്ടിരുന്നു. പാൽ വിലയില്ലാത്ത ഉല്പന്നമായിരുന്നു അക്കാലത്ത്. വെണ്ണ എടുത്തതിനുശേഷം ചണ്ടിപ്പാൽ ഒഴുക്കിക്കളയേണ്ടതായി വന്നിരുന്ന സാഹചര്യം ഒഴിവായി.

എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കാമെന്ന് തെളിയിച്ചുകൊടുത്ത കുര്യൻ പാൽപ്പൊടി പ്ലാന്റ് ആരംഭിക്കുന്നതിനായി പരിശ്രമിച്ചു. 1956ൽ യുനിസെഫിന്റെ പ്രതിനിധി ടി. ഗ്ലെൻഡേവിഡ് ഇന്ത്യയിൽ വന്നു. അദ്ദേഹം സഹായം വാഗ്ദാനം ചെയ്തു. 1957 ഒക്ടോബർ 31ന് സർദ്ദാർ വല്ലഭായി പട്ടേലിന്റെ ജന്മദിനത്തിൽ പാൽപ്പൊടി പ്ലാന്റ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുന്ന ആദ്യത്തെ പ്ലാന്റാണിത്. ആഹ്ലാദചിത്തനായ നെഹ്റു കുര്യനെ കെട്ടിപ്പുണർന്നു. 'അപ്രാപ്യമെന്നു കരുതുന്നതുപോലും നേടാൻ കഴിയുന്ന ആളുകളിലൊരാളാണ് നിങ്ങൾ.' നെഹ്റു പറഞ്ഞു.

പാൽ ഉല്പന്നങ്ങൾക്ക് അനുയോജ്യമായ ഒരു ബ്രാൻഡ് നെയിം ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും ലബോറട്ടറിയിലെ ഒരു കെമിസ്റ്റ് സന്ദർഭവശാൽ പറഞ്ഞ പേര് അംഗീകരിക്കുകയും ചെയ്തു. വില നിർണ്ണയിക്കാനാവാത്തത് എന്ന അർത്ഥം വരുന്ന അമൂല്യം എന്ന വാക്കിൽ നിന്നാണ് അമുൽ എന്ന വാക്കുണ്ടായത്. ആ വാക്ക് 'ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്' എന്നതിന്റെ ചുരുക്കപ്പേരുമാണ്. 1957ൽ അമുൽ എന്ന പേരിൽ സ്ഥാപനം രജിസ്റ്റർ ചെയ്തു. ആദ്യ ഉല്പന്നം വെണ്ണയായിരുന്നു. ബോംബെ മുഖ്യമന്ത്രി വൈ.ബി.ചവാൻ അനുമോദനവുമായി കുര്യന്റെ വീട്ടിലെത്തി.

അമുലും അമുൽ ഉല്പന്നങ്ങളും വിവിധ സംസ്ഥാനങ്ങളിലെ വീടുകളിൽ അതിഥിസൽക്കാരത്തിന്റെ മുഖ്യ ഉപാധിയായി. എരുമപ്പാലിൽനിന്നും പാൽപ്പൊടി നിർമ്മിക്കുന്ന വിദ്യയും കണ്ടൻസ്ഡ് മിൽക്ക് നിർമ്മിക്കുവാനുള്ള സാങ്കേതികതയും കൈവശമായതോടെ അർപ്പണബോധത്തോടെയുള്ള കുര്യന്റെ സേവനത്തെ ബാഹ്യസമൂഹം അഭിനന്ദിച്ചു.

1962ൽ ചൈനയുമായുള്ള കരയുദ്ധത്തിന്റെ കരിനിഴൽ രാജ്യത്തിനുമേൽ പടർന്നുവീണപ്പോൾ നെഹ്റു കുര്യനെ ഡൽഹിയിലേക്കു വിളിപ്പിച്ചു. ജനറൽമാരിലൊരാളും പങ്കെടുത്തു. സൈന്യത്തിന് ആറു മാസത്തിനുള്ള 2750 ടൺ പാൽപ്പൊടി ആവശ്യമുണ്ടെന്ന് അറിയിച്ചു. ഗുജറാത്തു ഗവൺമെന്റിന്റെ ചുമതലയിലുണ്ടായിരുന്ന പാൽപ്പൊടി പ്ലാന്റു കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പറഞ്ഞസമയത്തിനുള്ളിൽ ആവശ്യമായ പാൽപ്പൊടി സൈന്യത്തിനു നൽകി. ഇച്ഛാശക്തിയും ആത്മാർപ്പണവും കൊണ്ടാണ് അതു സാധ്യമായത്.

ദേശീയ നേതാക്കൾ കുര്യന്റെ വിജയപഥത്തിലെ ജൈത്രയാത്രയ്ക്ക് പിൻതുണ പ്രഖ്യാപിച്ചു. ഈ വിജയം രാജ്യത്തിന്റെ വിജയമാക്കുന്നതിനുവേണ്ടി ദേശീയ ക്ഷീരവികസന ബോർഡ് രൂപീകരിച്ചു. കുര്യൻ അതിന്റെ ചുമതല ഏറ്റെടുത്തു.

1981ലെ ക്ഷീരമേഖലയിലെ പരിഷ്കരണമായിരുന്നു ഓപ്പറേഷൻ ഫ്ളഡ്. രാജ്യം ധവളവിപ്ലവത്തിന്റെ പാതയിലൂടെ മുന്നേറുകയായിരുന്നു. 'ഈ നൂറ്റാണ്ടു കണ്ട മഹാനാണ് കുര്യ'നെന്ന് 1970ലെ നൊബേൽ സമ്മാന ജേതാവായ നോർമൻ ഇ.ബോർലോഗ് വിശേഷിപ്പിച്ചു. 'രാജ്യത്തിന്റെ മഹാഭാഗ്യമാണ് കുര്യ'ന്റെ സേവനമെന്ന് രത്തൻ ടാറ്റാ അഭിപ്രായപ്പെട്ടു.

ഏറ്റവും അധികം പാൽ ഉല്പാദിപ്പിക്കപ്പെടുന്ന രാജ്യമായി ഇന്ത്യയെ എത്തിച്ച ഡോ.കുര്യനെ രാജ്യം പദ്മശ്രീ, പദ്മഭൂഷൺ, പദ്മവിഭൂഷൺ ബഹുമതികൾ നൽകി ആദരിച്ചു. മാഗ്നസെ അവാർഡ്, വാട്ലർ പീസ് അവാർഡ്, വേൾഡ് ഫുഡ് പ്രൈസ് തുടങ്ങിയുള്ള അന്താരാഷ്ട്ര ബഹുമതികളും കുര്യനെ തേടിയെത്തി. ഉപരിപഠനം നടത്തിയ മിഷിഗൺ യൂണിവേഴ്സിറ്റിയും (1965) കാനഡ യൂണിവേഴ്സിറ്റി ഓഫ് ഗ്യൂൾഫും (1991) ഡോക്ടറേറ്റ് നൽകി കുര്യനെ ആദരിച്ചു. ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളും ഡോക്ടറേറ്റ് നല്കുകയുണ്ടായി. ഗുജറാത്ത്, അലഹബാദ് യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസിലറായി സേവനം അനുഷ്ഠിക്കുവാനും ഡോ.കുര്യനു കഴിഞ്ഞു. പാകിസ്ഥാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങളുടെ പ്രത്യേക ക്ഷണിതാവായി അവിടുത്തെ ക്ഷീരമേഖലയുടെ വികസനത്തിനായുള്ള പദ്ധതികളിൽ പങ്കാളിത്തം വഹിച്ചു. ആനന്ദിലെ അദ്ദേഹത്തിന്റെ വീട് നിൽക്കുന്ന റോഡ് കുര്യൻ എൻക്ലേവ് എന്ന പേരിൽ സർക്കാർ 20 വർഷങ്ങൾക്കുമുമ്പ് പ്രഖ്യാപിക്കുകയുണ്ടായി.

150 ലക്ഷം ക്ഷീരകുടുംബങ്ങളെ തുണച്ചുകൊണ്ട്, ഇരുനൂറോളം അമുൽ ബ്രാൻഡുകളിലൂടെ രാജ്യത്തിനും വിദേശരാജ്യങ്ങൾക്കും മാതൃകയായി മാറിയ ഡോ.വർഗീസ് കുര്യൻ, നിക്ഷിപ്ത താല്പര്യക്കാർ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ അതിരുകടന്ന് ഇടപെടുന്നതിൽ പ്രതിഷേധിച്ച് 2006ൽ രാജിവച്ചു. 3000 കോടി ആസ്ഥിയുള്ള സ്ഥാപനത്തെ നാഷനൽ ഡെയറി ഡവലപ്മെന്റ് കോർപ്പറേഷനാക്കി മാറ്റുവാൻ ഇതിനോടകം അദ്ദേഹത്തിനു കഴിഞ്ഞു. പാൽ കുടിക്കാൻ ഇഷ്ടപ്പെടാത്ത ആളാണ് താൻ എന്ന് തൊണ്ണൂറാം ജന്മദിനത്തിലാണ് കുര്യൻ വെളിപ്പെടുത്തുന്നത്. 16000 ഗ്രാമങ്ങളുടെ വളർച്ചയാണ് കുര്യനിലൂടെ സാധ്യമായത്. ഗ്രാമീണ ജനതയെ ഉദ്ധരിക്കുവാനുള്ള ഗാന്ധിയൻ ദർശനത്തിന്റെ വക്താവായി കുര്യൻ മാറി. മഹാനായ ഈ മലയാളി വ്യത്യസ്തനും മികച്ച മാതൃകയുമാണ്.

2012 സെപ്റ്റംബർ 9ന് അന്തരിച്ചു. നഡിയാടിയിലെ കൈലാസ ഭൂമിയിലെ പൊതുശ്മശാനത്തിലാണ് ഡോ.കുര്യന്റെ സംസ്കാരം നടന്നത്. ആനന്ദിലേക്ക് കടന്നു വന്ന ഡോ. കുര്യന്റെ അന്ത്യാഭിലാഷമായിരുന്നു അത്.



# സ്ത്രീ സമത്വം



വി.പി. ജയചന്ദ്രൻ

പ്രകൃതിയിലെ മിക്ക ജീവജാലങ്ങളിലും ആണും പെണ്ണുമുണ്ട്. ആണിന് ആണിന്റെ പ്രത്യേകതകളുണ്ട്. അതുപോലെ തന്നെയാണ് പെണ്ണിനും. ഈ വ്യത്യസ്തത നിലനിറുത്തിവരാൻ പ്രകൃതിതന്നെ നിശ്ചയിച്ച് നിർമ്മിച്ചിട്ടുള്ള ചില ഘടകങ്ങളുണ്ട്. അത് എല്ലാ ജീവജാലങ്ങളിലും ബാധകവുമാണ്. മനുഷ്യൻ ചിന്തിക്കാനും ബുദ്ധിപരമായി പ്രവർത്തിക്കാനും കഴിവ് ലഭിച്ച ജീവിയാണ്. സമൂഹമായി ജീവിയ്ക്കാൻ തുടങ്ങിയതു മുതൽ കുടുംബസങ്കല്പങ്ങളും അതിന്റെ സാധ്യതകളെ സമ്പൂർണ്ണമാക്കുന്ന വ്യക്തിബന്ധങ്ങളും നിരൂപിച്ച് നടപ്പാക്കിയും വരുന്നുണ്ട്. കുടുംബബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും നിലനിന്നുവന്ന കുറേ നിബന്ധനകളും അതിന്റെ വ്യവസ്ഥാപിതമായ നടപ്പാക്കലുമാണ് നമ്മുടെ സ്ത്രീപുരുഷ ബന്ധങ്ങളെ പാവനമാക്കുന്നത്.

ഈ നിലപാടിൽ നിന്ന് പാടെ ഒരു മാറ്റം സ്ത്രീസമൂഹം ആഗ്രഹിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. വ്യവസ്ഥിതിക്കുനേരേ വേണ്ടിവന്നാൽ ഒരു യുദ്ധത്തിനവരിൽ പലരും തയ്യാറുമാണ്. സാമ്പ്രദായികമായ ജീവിത ചുറ്റുപാടിൽ ജീവിക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല എന്നാണ് മാധ്യമങ്ങളും സ്ത്രീപരിഷ്കരണവാദികളും ചൂണ്ടിക്കാട്ടുന്നത്. സ്ത്രീക്ക് പുരുഷനോടുള്ള കാഴ്ചപ്പാടിനെക്കുറിച്ച് ആർക്കും ഒന്നും പറയാനില്ല. മറിച്ച് സ്ത്രീകളോടുള്ള പുരുഷന്റെ കാഴ്ചപ്പാടാണ് പരിഷ്കരിക്കേണ്ടതെന്നാണ് പൊതുസമൂഹത്തിന്റെ വിലയിരുത്തൽ. അത് ഒരു പരിധിവരെ ശരിയുമാണ്.

രണ്ടായിരം വർഷങ്ങൾക്കു മുൻപ് എഴുതപ്പെട്ടതെന്ന് കരുതുന്ന പഞ്ചതന്ത്രത്തിലെ ആഷാഢഭൂതിയുടെ കഥയിൽ സ്ത്രീയും പുരുഷനും ഒരുമിച്ച് മദ്യശാലയിലേക്കു പുറപ്പെടുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. കവിയാകാൻ ഋഷിയാകേണ്ടതുണ്ട് എന്നറിഞ്ഞ ശാവാശ്വൻ എന്ന മുനികുമാരൻ താനിഷ്ടപ്പെടുന്ന വിദുളയുടെ മാതാപിതാക്കളോട്, വിവാഹാഭ്യർത്ഥന നടത്തുന്ന സമയം, വധുവിന്റെ അമ്മയാണ് പ്രതിശ്രുത വധുവിനെ ആർക്ക് കൊടുക്കണം എന്ന് തീരുമാനിക്കുന്നത് എന്ന് പരാമർശിക്കുന്ന കഥാഭാഗം കാണാനാകും. സ്ത്രീപുരുഷ സമത്വം കുടുംബ ബന്ധങ്ങളിൽ എപ്രകാരമാണ് പ്രവർത്തിച്ചിരുന്നതെന്ന് മനസ്സിലാക്കത്തക്ക നിരവധി കഥകൾ നമ്മുടെ പുരാണേതിഹാസങ്ങളിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടുള്ള വസ്തുത സ്ത്രീയെ സമൂഹത്തിലെ മാന്യമായ പദവിയിൽ തന്നെയാണ് അവരോധിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും.

പ്രകൃതിയിൽ സ്ത്രീപുരുഷ ബന്ധം അടയാളപ്പെടുത്തിയിട്ടുള്ളത് ആലംബന അവലംബന നിലപാടിലാണ്. ജീവശാസ്ത്രപരമായ പ്രത്യേകതകൾ, സ്ത്രീക്കും പുരുഷനുമുണ്ട്. സ്ത്രീയെക്കാൾ കൂടുതൽ ശാരീരികമായ പ്രത്യേകതകൾ, അതായത് ശക്തി, പ്രവർത്തനങ്ങളിലെ തന്റേടം തുടങ്ങിയ കാര്യങ്ങൾ താരതമ്യേന കൂടുതലായിട്ട് പുരുഷനിലാണ് ജൈവികമായി പ്രകൃതി അടയാളപ്പെടുത്തിയിട്ടുള്ളത്. യൗവനസഹജമായ ജീവിതത്തിൽ സ്ത്രീയേക്കാൾ പലപ്പോഴും പുരുഷനാണ് മേക്കൈ കണ്ടുവരുന്നത്. തിരിച്ചും അനുഭവങ്ങൾ ഇല്ലാതില്ല. എങ്കിലും സ്ത്രൈണമായ ഭാവഹാവാദികൾ എന്നും പുരുഷന്റെ ദൗർബല്യമായിട്ടാണ് കണ്ടുവരുന്നത്. ധാർമികവും, സാംസ്കാരികവുമായ വീക്ഷണങ്ങളുള്ള സമൂഹം എപ്പോഴും അതിനൊക്കെ ചില അതിർവരമ്പുകൾ സൃഷ്ടിച്ചിട്ടുള്ളതായി കാണാം. മാനവസമൂഹത്തിന്റെ നിലനില്പ് എപ്പോഴും, ബൗദ്ധികവും കായികവുമായ കഴിവുകളെയും, ആ കഴിവിന്റെ സാക്ഷാത്കാരം നൽകുന്ന പ്രവർത്തനങ്ങളെയും ആസ്പദമായി നിലകൊള്ളുന്നു. ചിന്താപരമായും, ബുദ്ധിപരമായും, നിയന്ത്രണങ്ങളുള്ള ഒരു സമൂഹത്തിനേ ഭാവിതലമുറയെ സൃഷ്ടിച്ച് നല്ല നിലയിൽ സമൂഹത്തിന്റെ നിലനില്പിന് വേദിയൊരുക്കാനാകൂ എന്ന സങ്കല്പവും ഇതിനു പിന്നിലുണ്ട്. അപ്രകാരമുള്ള വീക്ഷണങ്ങൾ നിലനില്ക്കുന്ന സമൂഹത്തിന് സ്ത്രീപുരുഷ ജീവിതത്തിലെ തുല്യത ജീവിതവിജയത്തിന് കാരണമാകും എന്ന് കരുതുന്നത് വിശ്വസനീയവും പ്രായോഗികവുമാണ്. സ്ത്രീയും പുരുഷനും അവരുടെ നിലപാടുകളിൽ ചില സദാചാര മാനദണ്ഡങ്ങളും, സാമൂഹ്യവീക്ഷണങ്ങളും സ്വീകരിച്ചെങ്കിൽ മാത്രമേ അകൃത്രിമവും, സുതാര്യവുമായ വ്യക്തി- കുടുംബ ജീവിതങ്ങളെ നല്ല നിലയിൽ നിലനിറുത്താനും സാധിക്കൂ.

മാനവജീവിതത്തിൽ ഏറ്റവും സുന്ദരം യൗവനകാലമാണ്. യുവത്വമാണ് കർമ്മശേഷിയുടേത്. പക്വമായതും മാനസികവും, ചിന്താപരവും, ധാർമ്മികവുമായ വീക്ഷണങ്ങളുടെ നിലപാടുകളും, അവബോധങ്ങളും സ്ത്രീപുരുഷന്മാർക്ക് ഉണ്ടെങ്കിൽ മാത്രമേ അരാജകത്വമില്ലാത്ത ഒരു വ്യക്തി- കുടുംബ- സമൂഹജീവിതം സൃഷ്ടിച്ചെടുക്കാനാകൂ. അറിവും, ആഭിമുഖ്യങ്ങളെ വിവേചിക്കാനുള്ള പക്വതയും, അതിനുള്ള സന്മനസ്സുമാണ് ഈ വിഷയത്തിൽ സമൂഹത്തിനുണ്ടാകേണ്ടത്. നല്ല വിദ്യാഭ്യാസവും, ലോകജീവിതത്തെക്കുറിച്ചുള്ള ലക്ഷ്യബോധവും, നാം മാത്രമല്ല നമുക്കുശേഷവും നമ്മുടെ സമൂഹം അഭിവൃദ്ധിയോടും അഭിമാനകരമായും നിലനില്ക്കണമെന്ന ബോധവും ഇതിനായി നിലവിലുള്ള തലമുറയിൽ സൃഷ്ടിക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ അതിനുള്ള സാഹചര്യങ്ങൾ ഈ വ്യാവസായിക കാലഘട്ടത്തിൽ ലോപിച്ച് വരുന്നതായാണ് കാണപ്പെടുന്നത്. സ്ത്രീപുരുഷ സമത്വം വസ്ത്രധാരണത്തിലും, പരസ്പര വിമർശനങ്ങളിലും, കുറ്റപ്പെടുത്തലുകളിലും കൂടി സാധിച്ചെടുക്കാവുന്ന ഒന്നാണെന്ന് ഇക്കാലത്തെ കലാസാംസ്കാരിക രംഗം നമ്മെ ഉപദേശിക്കുന്നതായിട്ടാണ് അനുഭവം. എതിർ ലിംഗത്തോട് വിട്ടുവീഴ്ചകളില്ലാതെ ഇടപെടാനും പ്രവർത്തിക്കാനുമുള്ള അഭിവാഞ്ഛ പ്രകൃതിയിലെ ജീവജാലങ്ങളിൽ പ്രകടമാണ്. പക്ഷേ, ചിന്താശക്തിയും, സഹിഷ്ണുതയും ജൈവികമായി തന്നെ ലഭിച്ചിട്ടുള്ള മനുഷ്യജീവിയിൽ അതിനപ്പുറം നിന്നുകൊണ്ട് ലോകത്തെ അഭിവൃദ്ധിയിലേക്കും നന്മയിലേക്കും നയിക്കാനുള്ള കടപ്പാടുണ്ടെന്ന കാര്യം നമ്മുടെ പൂർവ്വസൂരികൾ കണ്ടറിഞ്ഞ് സ്ഥാപനം ചെയ്തിട്ടുള്ളതാണ് നമ്മുടെ സാംസ്കാരിക മൂല്യങ്ങൾ. അതിന്റെ ദൂഷിതവശങ്ങൾ മാത്രം ചികഞ്ഞെടുത്ത് അവ സാമൂഹ്യവിരുദ്ധമെന്ന് വാദിക്കുന്നതിൽ തെറ്റില്ലെങ്കിലും, അനുവർത്തിച്ചുവന്ന സദാചാരപരമായതും മനുഷ്യസമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിക്കും സഹായകമായതുമായ നല്ല കാര്യങ്ങളെ വിമർശിച്ച് അതിലെ ദുഷ്ടലാക്കുകൾ മാത്രം പർവ്വതീകരിച്ചുകൊണ്ട് പുരുഷവിരുദ്ധമോ സ്ത്രീവിരുദ്ധമോ ആയ നിലപാടുകൾ സ്വീകരിക്കുന്നത് ശരിയല്ല.

ഇക്കാലത്തെ കേരളീയ സ്ത്രീ സമൂഹത്തിലെ യുവത്വത്തിന്റെ വസ്ത്രധാരണരീതിയും, ദേഹഭംഗി സംരക്ഷണവും തീരെ ആശ്വാസകരമല്ല. സ്വാതന്ത്ര്യത്തിന്റെയും, അടിമത്വമനോഭാവങ്ങളുടെയും, തിരസ്കാരങ്ങളുടെയും എല്ലാം ദുഷ്ടലാക്കുകളെ അതിജീവിക്കാനാണ് ഇതെങ്കിൽ അത് ആശ്വാസകരമായ, ആരോഗ്യപരമായ ഒരു നല്ല പ്രവണത അല്ല എന്ന് പറയേണ്ടിയിരിക്കുന്നു. സ്ത്രീ ശരീരം എന്നും സൗന്ദര്യകരമാണ്. എതിർ ലിംഗത്തെ തീർച്ചയായും പ്രലോഭിപ്പിക്കുന്നതുമാണ്. കാളിദാസന്റെ പ്രസിദ്ധമായ ഒരു സംസ്കൃത പദ്യം ഇത് വെളിപ്പെടുത്തുന്നു.

ഉഡുരാജമുഖീ, മൃഗരാജകടീ,
ഗജരാജ വിരാജിത മന്ദഗതി
യദി സാ വനിതാ ഹൃദയേ വസതി
ക്വ ജപഃ ക്വ തപഃ ക്വ സമാധി വിധി

നക്ഷത്രരാജാവായ ചന്ദ്രന്റെ ശോഭയാർന്ന മുഖവും, മൃഗരാജനായ സിംഹത്തിന്റെ ഒതുങ്ങിയ അരക്കെട്ടും ഗജരാജന്റെ ഗംഭീരമായ മന്ദഗതിയിൽ പ്രകടമാകുന്നതുപോലെ, നിതംബ ഭംഗിയുമുള്ള ഒരു യുവതി മനസ്സിൽ കയറിപ്പറ്റിയാൽ ഇന്ദ്രിയങ്ങളെ അടക്കി തപസ്സിൽ മുഴുകിയിരിക്കുന്ന ഏതൊരാളിലും എവിടെ തപസ്സ്? എവിടെ ജപം? എവിടെ ആത്മജ്ഞാനാന്വേഷണ വിധികൾ?

വ്യവസായവത്കരണം ഇന്ന് നമ്മുടെ വിധിയാണ്. കലകളും, സാഹിത്യവും ഉൾപ്പെടെ സർഗ്ഗാത്മക പ്രവൃത്തികൾ പോലും ഇന്ന് വ്യവസായമാണ്. എങ്ങനെയും പത്ത് കാശുണ്ടാക്കണം. എന്നിട്ട് വലിയ ജീവിതസൗകര്യങ്ങൾ നേടണം. സുഖിക്കണം. ഇതാണ് ഇന്നത്തെ ലോകത്തിന്റെ ഗൂഢലക്ഷ്യം. നമുക്കാവശ്യമില്ലാത്ത, ഇവിടുത്തെ പ്രകൃതിക്കിണങ്ങാത്ത വേഷമാണ് വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിപണനം ചെയ്യപ്പെടുന്നത്. അതിന്റെ രാസത്വരകമായി കലയേയും സാഹിത്യത്തേയും കൂടി വ്യവസായമാക്കി. സിനിമ തികച്ചും വ്യവസായമാണ്. ലിറ്ററി ഏജന്റുമാരാണ് സാഹിത്യ കൃത്തുക്കളെയും, അവാർഡുകളെയും, ഗ്രന്ഥമാഹാത്മ്യത്തെയും, എന്തിനെറെ വായനാ അഭിരുചികളെപ്പോലും നിശ്ചയിക്കുന്നത്. ചിത്രകാരന്മാർ എങ്ങനെ വരയ്ക്കുന്ന ചിത്രങ്ങളായാലും, അതിലെ ദുരൂഹതകളെ മഹത്വവത്കരിച്ച് ചിത്രകലാ മേളകളും പ്രദർശനവും സംഘടിപ്പിക്കുന്നു. പരസ്യചിത്രങ്ങളിലൂടെ വ്യാപാരത്തിനുവേണ്ടി കലയെ വ്യവസായമാക്കുന്നു. വില്പനയും തരപ്പെടുത്തുന്നു. പുരസ്കാരങ്ങളും സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാനമാനങ്ങളും ആദരവുകളും നൽകുന്നു. മൊബൈൽ ഫോണുകളും, ഇന്റർനെറ്റും കൂട്ടായ്മകളും സംഘടിപ്പിച്ച് നാമറിയാതെ നമ്മെ പുത്തൻ സാമൂഹ്യ ഉണർവ്വിന്റെയും, സാംസ്കാരിക ഉന്നമനത്തിന്റെയും കെണികളിൽപ്പെടുത്തി അവിടവിടങ്ങളിൽ സ്ഥാപിക്കുന്നു. നിറയൗവ്വനമുള്ള നമ്മുടെ കുട്ടികൾ ജീൻസും, ലഗ്ഗിംഗ്സും, ടീ ഷർട്ടുകളും ധരിച്ച് പ്രദർശന വസ്തുക്കളെപ്പോലെ തെരുവുകളിലും വാഹനങ്ങളിലും റസ്റ്റോറന്റുകളിലും പബ്ബുകളിലും നൈറ്റ് ക്ലബുകളിലും ആളു കൂടുന്ന ഇടങ്ങളിലുമെല്ലാം സ്വാതന്ത്ര്യം അന്വേഷിച്ച് അലയുന്നു. ഭൂരിഭാഗം മാതാപിതാക്കളും അതംഗീകരിക്കുന്നു. അഥവാ അംഗീകരിച്ച് കൊടുക്കേണ്ടിവരുന്നു. ശരീരത്തെ വാർദ്ധക്യം പിടികൂടിയാലും അത് അംഗീകരിച്ച് കൊടുക്കാതെ ചായം തേച്ചും നൂതനവസ്ത്രം ധരിച്ചും അവരും ജീവിതം ആസ്വദിക്കുന്നു. യുവമിഥുനങ്ങളെപ്പോലെതന്നെ ഒന്നും രണ്ടും കുട്ടികളും പത്തും പതിനഞ്ചും വർഷത്തെ ദാമ്പത്യജീവിതവും ഉള്ളവർപോലും കുടുംബക്കോടതികളുടെയും വക്കീലന്മാരുടെയും തിണ്ണകളിൽ ആൾക്കൂട്ടം സൃഷ്ടിക്കുന്നു. ഇതിനെയൊക്കെ പ്രത്യക്ഷമായും പരോക്ഷമായും സഹായിക്കുന്നത് നമ്മുടെ ചാനലുകളാണ്. ലൈംഗികാഭിരുചികളുണർത്തുന്ന പരസ്യങ്ങളും വ്യാപാരോന്മുഖവീക്ഷണങ്ങളെ കുടുംബജീവിതത്തിൽ നട്ടുപിടിപ്പിക്കുന്ന സീരിയലുകളും മറ്റ് ചാനൽ പരിപാടികളും ഈ വ്യവസായോന്മുഖ ചുറ്റുപാടുകൾക്ക് രാസത്വരകമാകുകയും ചെയ്യുന്നു.

സ്ത്രീ പുരുഷന്മാരുടെ വ്യക്തിത്വത്തെ അവരവർക്ക് ബോധ്യമാകത്തക്ക വിധമുള്ള വിദ്യാഭ്യാസവും നിയമപരവുമായ പരിരക്ഷയും ബോധവത്കരണവും നൽകുകയാണ് ഇന്നത്തെ അരാജകത്വത്തെ മറികടക്കാനുള്ള ആദ്യ ഉപാധി. **കൊളംബസ് ഭൂഖണ്ഡങ്ങൾ ചുറ്റി ഇന്ത്യയിൽ വന്നത് കുരുമുളക് വാങ്ങാൻ മാത്രമായിരുന്നു എന്ന് ധരിക്കരുത്. ഉദാത്തമായ സംസ്കാരമുള്ള ജനജീവിതത്തിന്റെ ശാദ്വല ഭൂമിയായിരുന്നു ഭാരതം. പിന്നിട്ട കാലങ്ങളിൽ ചില കേടുപാടുകൾ സ്വാഭാവികമായി വന്നുചേർന്നെങ്കിലും നമ്മുടെ ജനജീവിതത്തിലുള്ള മൂല്യങ്ങൾ ഓരോ പ്രജയുടെയും ഉള്ളിന്റെ ഉള്ളിൽ അതിന്നും ജിവിക്കുന്നുണ്ട്.** അവനവന്റെ പ്രവൃത്തികളിൽ നിഴൽപ്പെടുന്ന ശരികൾ സമൂഹ നന്മയ്ക്കുതകുന്നതും വ്യക്തികളെ പ്രഭാവം ഉള്ളവരുമാക്കാൻ പര്യാപ്തമെന്ന് തോന്നുന്നപക്ഷം, പഠിക്കുന്ന നല്ല അറിവുകളും ആശയങ്ങളും അതോടൊപ്പം ചേർത്ത് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ കരുപിടിപ്പിക്കുക. അവ നമ്മുടെ അച്ഛനമ്മമാർക്കും സഹോദരങ്ങൾക്കും ചുറ്റുപാടുകൾക്കും എല്ലാം സന്തോഷവും നന്മയും ചെയ്യുന്നതാണെങ്കിൽ അതനുവർത്തിക്കുക.

മെസ്സപ്പോട്ടേമിയൻ നാടോടിക്കഥ



# ഉണ്ണിയേശുവും അണ്ണാറക്കണ്ണനും

സിപ്പി പള്ളിപ്പുറം



**അ**ണ്ണാറക്കണ്ണനും ഉണ്ണിയേശുവുമായി ബന്ധപ്പെട്ട ഒരു ക്രിസ്മസ് നാടോടിക്കഥയുണ്ട്. ഇതാ കേട്ടോളൂ: ഡിസംബറിലെ ഒരു പ്രഭാതം. ഗീലു അണ്ണാൻ തണുത്തു വിറച്ച് ഒരു ഒലിവു മരത്തിന്റെ ചില്ലയിലിരുന്ന് എല്ലാം നോക്കിക്കാണുകയായിരുന്നു.

'ഹായ്, എന്തു രസം! പഞ്ചവർണ്ണത്തത്തകളും വെള്ളരിപ്രാവുകളും കാട്ടുമൈനകളുമെല്ലാം ബത്‌ലഹേമിലേക്ക് പറക്കുകയാണ്. അവിടുത്തെ കാലിത്തൊഴുത്തിൽ ഒരു പൊന്നുണ്ണി പിറന്നിരിക്കുന്നുവത്രെ!'

പക്ഷിച്ചെങ്ങാതികളെല്ലാം ആ ദിവ്യ ശിശുവിനെ കാണാൻ പുറപ്പെട്ടതാണ്. അവരുടെ ചുണ്ടിൽ എന്തൊക്കെ സമ്മാനങ്ങളാണെന്നോ! ചിലരുടെ ചുണ്ടിൽ വെട്ടിത്തിളങ്ങുന്ന രത്നങ്ങൾ; മറ്റു ചിലരുടെ ചുണ്ടിൽ വിലപിടിപ്പുള്ള മുത്തുകൾ; അങ്ങനെ ഓരോരുത്തരും വിശേഷപ്പെട്ട ഓരോ സമ്മാനങ്ങളുമായാണ് ബത്‌ലഹേമിലേക്കു പറക്കുന്നത്.

ഗീലു വേഗം വീട്ടിലെത്തി അമ്മയോടു പറഞ്ഞു: 'അമ്മേ. ഞാനും ബത്‌ലഹേമിലേക്കു പോകട്ടെ? എനിക്കും ഉണ്ണിയെ കാണാൻ കൊതിയാവുന്നു'

'ഹയ്യോ! ഉണ്ണിക്കു നൽകാൻ നിന്റെ കൈയ്യിലെന്തുണ്ടു?' അമ്മയണ്ണാൻ ചോദിച്ചു.

അമ്മയുടെ ചോദ്യം കേട്ടപ്പോൾ ഗീലുവിന് വലിയ നിരാശ തോന്നി.

ലോകരക്ഷകനായ ഉണ്ണിക്കു കൊടുക്കാൻ തന്റെ കയ്യിൽ ഒന്നുമില്ലല്ലോ എന്നോർത്ത് അവന്റെ മനസ്സ് വിങ്ങിപ്പൊട്ടി.

അപ്പോഴാണ് മഴക്കാലത്ത് തിന്നാനായി സമ്പാദിച്ചുവച്ച കുറച്ചു കശുവണ്ടിപ്പരിന്റെ കാര്യം അവന് ഓർമ്മ വന്നത്.

'അമ്മേ, ഉണ്ണിക്ക് നൽകാൻ പറ്റിയ ഒരു നല്ല സമ്മാനം എന്റെ പക്കലുണ്ട്' ഗീലു പറഞ്ഞു.

'ങും. എന്തു സമ്മാനം?' അമ്മ താല്പര്യത്തോടെ ആരാഞ്ഞു.

'അഞ്ചാറ് കശുവണ്ടിപ്പരിപ്പുണ്ട്' അവൻ പറഞ്ഞു.

'എന്ത്? കശുവണ്ടിപ്പരിപ്പോ? അതു നൽകിയാൽ മഴക്കാലത്ത് നീ പട്ടിണിയാവില്ലേ?'

'അതു സാരമില്ല. വിശപ്പ് ഞാൻ സഹിച്ചോളാം.'

'എങ്കിൽ നിന്റെ ഇഷ്ടംപോലെ ചെയ്തോളൂ' അമ്മ അനുവാദം നൽകി.

പിന്നെ ഒട്ടും സമയംകളയാതെ ഗീലു ബത്‌ലഹേമിലേക്കു യാത്രയായി. ഓടിയും ചാടിയും വാലുകുലുക്കിയും ഗീലുവണ്ണാൻ മുന്നോട്ടു നീങ്ങി. ഉച്ചക്കഴിഞ്ഞപ്പോഴേക്കും അവൻ ബത്‌ലഹേമിലെത്തി. കാലിത്തൊഴുത്തിനു ചുറ്റും മനുഷ്യരും മൃഗങ്ങളും പക്ഷികളും മറ്റു ജന്തുക്കളും തിങ്ങിനിറഞ്ഞുനിൽക്കുന്നത് അവൻ കണ്ടു. അവൻ തിരക്കിൽനിന്ന് ഒഴിഞ്ഞു മാറിനിന്നു.

അല്പനേരം കഴിഞ്ഞപ്പോൾ തിക്കും തിരക്കും കുറഞ്ഞു. ഗീലു അണ്ണാൻ കാലിത്തൊഴുത്തിലേക്ക് എത്തിനോക്കി. അതാ, നിലാവിന്റെ നുറുങ്ങുപോലെ ഒരുണ്ണി!

ഉണ്ണിക്കു മുന്നിൽ നിരന്നിരിക്കുന്ന സമ്മാനങ്ങൾ കണ്ട് ഗീലുവണ്ണാന്റെ കുഞ്ഞിക്കണ്ണുകൾ മഞ്ഞളിച്ചുപോയി. കൈവളകൾ, കാൽത്തളകൾ, സ്വർണ്ണക്കിരീടങ്ങൾ, കളിക്കോപ്പുകൾ, പഴക്കൂടകൾ, കുന്തിരിക്കം അങ്ങനെ പലതും!

തന്നെ കാണാൻ എളിമയോടെ കാത്തുനിൽക്കുന്ന ഗീലുവണ്ണാനെ ഉണ്ണിയേശു കണ്ടു. ഉണ്ണിക്കൈകൾ കാട്ടി അവനെ തന്റെ അരികിലേക്കു വിളിച്ചു.

അണ്ണാറക്കണ്ണൻ സന്തോഷത്തോടെ ചാടിച്ചെന്ന് തന്റെ കൈയ്യിലിരുന്ന സമ്മാനപ്പൊതി ഉണ്ണിയേശുവിന്റെ കാൽക്കൽ സമർപ്പിച്ചു. എന്നിട്ടു പറഞ്ഞു.

'ഉണ്ണി, നിനക്കു തരാൻ എന്റെ കൈയ്യിൽ വിലയേറിയതൊന്നും തന്നെയില്ല. ഇതാ, ഇതു കുറച്ചു കശുവണ്ടിപ്പരിപ്പാണ്! ഇതുമാത്രമെ എനിക്കു സമ്പാദ്യമായുള്ളു' അവൻ ഉണ്ണിയേശുവിനെ വണങ്ങി.

ഉണ്ണിയുടെ മുഖം പൂനിലാവുപോലെ തിളങ്ങി. ഉണ്ണിയേശു തന്റെ കൊച്ചു കൈകൾകൊണ്ട് ഗീലുവണ്ണാന്റെ മുതുകിൽ തലോടി. അത്ഭുതം. ആ നിമിഷം അവന്റെ മുതുകിൽ അതിമനോഹരമായ മൂന്നു വരകൾ തെളിഞ്ഞു.

അങ്ങനെ ഉണ്ണിയേശുവിനോടു കാണിച്ച സ്നേഹത്തിന്റെ അടയാളമായിട്ടാണ് അണ്ണാറക്കണ്ണന്മാരുടെ മുതുകിൽ മൂന്നു വരകൾ ഉണ്ടായതെന്നാണ് മെസ്സപ്പോട്ടേമിയൻ നാടുകളിലെ വിശ്വാസം.

# സ്ത്രീ സമത്വം

സ്ത്രീകളോടുള്ള കടന്നാക്രമണങ്ങളും, സമൂഹത്തിനും വ്യക്തിക്കും ഉള്ള താൻപോരിമയും ന്യായീകരിക്കുകയും, അംഗീകരിപ്പിക്കുകയും ചെയ്യുന്ന നിലപാടുകളെ കക്ഷി, രാഷ്ട്രീയ, ജാതി ചിന്തകൾക്കതീതമായി അപലപിക്കുകയും വ്യക്തികളെ അതിൽ നിന്ന് തികച്ചും പിന്തിരിപ്പിക്കത്തക്ക നടപടികളും നടപ്പാക്കുക. ഇഛാശക്തിയും ദേശസ്നേഹവുമുള്ള വ്യക്തികൾക്കേ അത് സാധിക്കൂ. മുമ്പൊക്കെ നമ്മുടെ നാട്ടിൽ ഏതെങ്കിലും ഒരാൾ ദേശത്തും രാജ്യത്തും ഒക്കെ നിസ്വാർത്ഥതകൊണ്ടും, അറിവും തന്റേടവും മനുഷ്യസ്നേഹവും കൊണ്ട് എപ്പോഴും ശരിയുടെ പക്ഷത്ത് നില്ക്കുകയും, വേണ്ടിവന്നാൽ പോരാടുകയും ചെയ്യുന്ന മാതൃകകൾ ഉണ്ടായിരുന്നു. അങ്ങനെ ആരും ഇന്നു നമുക്കില്ല. പകരം സിനിമാക്കാരെയും രാഷ്ട്രീയനേതാക്കളെയും മറ്റുമാണ് യുവതലമുറ മാതൃകയായി കാണുന്നത്. മോഷ്ടിച്ചത് തെറ്റല്ലെന്നും, പകരം മോഷ്ടിച്ച സാഹചര്യമാണ് ശരിയും തെറ്റും നിശ്ചയിക്കുന്നതെന്നുമുള്ള പുതിയ സാമൂഹ്യവീക്ഷണമാണിവിടെ. കൈക്കൂലി കൊടുക്കുന്നതിലെന്താ എളുപ്പം കാര്യം സാധിച്ചില്ലേ എന്ന നിലയിലായിരിക്കുന്നു നമ്മൾ.

കാലം വരുത്തിവയ്ക്കുന്ന ഇത്തരം പരിവർത്തനങ്ങളുടെ സാംസ്കാരിക പെരുമയിൽ ഉൾപ്പെടാതെ ജീവിക്കുക എന്നത് ദുഷ്കരമായിരിക്കുന്നു. പലതിനെക്കുറിച്ചും നാം കേട്ടറിഞ്ഞിട്ടുള്ളതും കണ്ടനുഭവിക്കുന്നതുമായ അറിവുകൾ ശ്രേയസ്കരമായ ഒരു സാമൂഹ്യജീവിതത്തിന് എത്രകണ്ട് സഹായകമാകും എന്നതും ചിന്തിക്കേണ്ട വിഷയമാണ്. വ്യക്തി, കുടുംബം, സാംസ്കാരിക വീക്ഷണങ്ങൾ എന്നിവയ്ക്ക് ഇണക്കമില്ലാത്ത പരിഷ്കാരങ്ങളുടെ ഇരയായി തീരുന്നതിന് പകരം സംതൃപ്തിയും സമാധാനവും സാർവജനീനതയുമുള്ള ചുറ്റുപാടുകൾക്ക് ഇണങ്ങും വിധമുള്ള സ്ത്രീപുരുഷ സമത്വത്തിന്റെ നന്മകളെ എങ്ങനെ ജീവിതത്തിലേക്ക് ഉൾക്കൊള്ളണം എന്ന ചിന്ത ഉണ്ടായെങ്കിൽ മാത്രമേ ഇക്കാര്യത്തിലുള്ള വൈരുധ്യചിന്തകളെ ഒഴിവാക്കാനാവൂ.

പുരുഷ കേന്ദ്രീകൃതമാണ് ഇന്നും നമ്മുടെ സമൂഹം. പുരുഷൻ തനിക്കാവശ്യമുള്ളതെന്തും കൈക്കലാക്കാൻ സന്നദ്ധനും ശക്തനുമാണ്. അതിനുവേണ്ടി ഏതു മാർഗ്ഗവും അയാൾ സ്വീകരിക്കുകയും ശ്രമിക്കുകയും ചെയ്യും എന്നതാണ് അനുഭവം. പണ്ടുകാലത്ത് ഈ സമൂഹത്തിലെ അധീശ ശക്തികളുടെ പിൻബലം കൊണ്ട് സ്ത്രീകൾ ആക്രമിക്കപ്പെടുകയും വിധേയരാവാൻ നിർബന്ധിതരാകുകയും ചൂഷണങ്ങൾക്ക് ഇരകളാകുകയും ചെയ്തിട്ടുള്ള ചരിത്രമാണ് ഫ്യൂഡൽ കാലത്തെ സ്ത്രീ സമത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമുക്ക് കാണാനാകുന്നത്. ഏത് പുരുഷനും ഇഷ്ടമുള്ള സ്ത്രീകളുമായി ബന്ധം ആകാം എന്ന സാമൂഹ്യ നിലപാട് കൈവന്നതിന് കാരണവും ഇതാണ്. സാമ്പത്തികമായും, ജീവനോപാധികൾക്കുവേണ്ടിയും പെണ്ണ് ആണിനെ ആശ്രയിച്ചിരുന്ന ഒരു കാലം നമ്മുടെ കൺമുന്നിലൂടെ കഴിഞ്ഞുപോകുകയാണ്. പെണ്ണിന് നിസ്സഹായാവസ്ഥയുണ്ടാകാതിരിക്കാനുള്ള ഭരണഘടനാപരമായ വ്യവസ്ഥകളും ഊർജ്ജിതത്തിലാണ്. ആൺ പെൺ ബന്ധങ്ങളിലെ അശ്ലീലാത്മകമെന്ന് സമൂഹം വിധിച്ച വ്യവസ്ഥാപിത കീഴ്വഴക്കങ്ങളും പോയ്മറയുന്നു. സ്ത്രീ ജീവിതത്തിന് സമ്പൂർണ്ണ പരിരക്ഷയും സ്വാതന്ത്ര്യവും കൈവരത്തക്ക നിയമങ്ങളും നിർമ്മിക്കപ്പെട്ടു കഴിഞ്ഞു. ഇന്നിനി സ്ത്രീപുരുഷ സമത്വത്തിനായി നിർമിച്ച ചട്ടങ്ങളുടെ അനുവാദത്തിനായി കാത്തിരിക്കേണ്ടതുമില്ല.



സ്ത്രീ, പുരുഷൻ, മക്കൾ, അച്ഛൻ, അമ്മ, അമ്മാവൻ തുടങ്ങിയ പ്രാക്തന കുടുംബ ബന്ധങ്ങളും ഓരോ വ്യക്തിക്കും പരസ്പരമുള്ള കമ്മിറ്റ്മെന്റുകളും ഇന്നില്ല. അണുകുടുംബങ്ങളിലെ വ്യക്തികളുടെ പാരസ്പര്യങ്ങളിൽ ഇങ്ങനെ ചില വ്യക്തിബന്ധങ്ങൾ നിലനിറുത്തി ഊട്ടിയുറപ്പിക്കുന്നതിൽ കാര്യമില്ല എന്ന സ്വാർത്ഥതയാണ് വിളയാടുന്നത്. എന്നാൽ കുടുംബജീവിതത്തിന്റെയും വംശവർദ്ധനവിന്റെയും പ്രകാശവീഥികളിൽ ഊർജ്ജസ്വലതയോടെ ജീവിതം നയിക്കാനും ആരോഗ്യപരമായി നിലനിൽക്കാനും ആവശ്യമുള്ളത് കുടുംബബന്ധങ്ങൾക്ക് പാവനത നൽകി നിലനിർത്തുക എന്നതാണ്. അതിനാവശ്യമുള്ളത് പാവനതയുള്ള വ്യക്തിബന്ധങ്ങളും പരസ്പര വിശ്വാസവും അത് കാത്ത് സൂക്ഷിക്കാനുള്ള അർപ്പണമനോഭാവവുമാണ്. ഇതില്ലെങ്കിൽ മനുഷ്യൻ ഒന്നിനോടും സമാനതയില്ലാത്ത ഒരു ജീവിതത്തിന്റെ ഉടമയായി മാറ്റപ്പെട്ടേക്കാം. ആണും പെണ്ണും ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. ഒന്നില്ലെങ്കിൽ മറ്റൊന്നിന് നിലനില്പില്ല. അപചയം ഉണ്ടാകാതെ രണ്ടും നിലനിൽക്കണമെങ്കിൽ നിയന്ത്രണങ്ങളും ത്യാഗവും വീട്ടുവീഴ്ചകളും ഉണ്ടായേ തീരൂ. പക്ഷേ, അത്തരം ഒരു ചുറ്റുപാടിൽ അശനിപാതംപോലെ സ്വാർത്ഥതകളും മുഷ്ക്കുകളും പിടിവാശിയും അഹംബോധം കൊണ്ടുണ്ടാകുന്ന അഹങ്കാരങ്ങളും പിടിമുറുക്കിയാൽ സമൂഹം എവിടെപ്പോയി നില്ക്കുമെന്ന കാര്യം വിധാതാവിനുപോലും പ്രവചിക്കാനാകുമെന്ന് തോന്നുന്നില്ല.



## World Famous Christmas Stroy

# THE GIFT OF THE MAGI






O. Henry

**One** dollar and eighty-seven cents. That was all. And sixty cents of it was in pennies. Pennies saved one and two at a time by bulldozing the grocer and the vegetable man and the butcher until one's cheeks burned with the silent imputation of parsimony that such close dealing implied. Three times Della counted it. One dollar and eighty- seven cents. And the next day would be Christmas.

There was clearly nothing to do but flop down on the shabby little couch and howl. So Della did it. Which instigates the moral reflection that life is made up of sobs, sniffles, and smiles, with sniffles predominating.

While the mistress of the home is gradually subsiding from the first stage to the second, take a look at the home. A furnished flat at $8 per week. It did not exactly beggar description, but it certainly had that word on the lookout for the mendicancy squad.

In the vestibule below was a letter-box into which no letter would go, and an electric button from which no mortal finger could coax a ring. Also appertaining thereunto was a card bearing the name "Mr. James Dillingham Young."

The "Dillingham" had been flung to the breeze during a former period of prosperity when its possessor was being paid $30 per week. Now, when the income was shrunk to $20, though, they were thinking seriously of contracting to a modest and unassuming D. But whenever Mr. James Dillingham Young came home and reached his flat above he was called "Jim" and greatly hugged by Mrs. James Dillingham Young, already introduced to you as Della. Which is all very good.

Della finished her cry and attended to her cheeks with the powder rag. She stood by the window and looked out dully at a gray cat walking a gray fence in a gray backyard. Tomorrow would be Christmas Day, and she had only $1.87 with which to buy Jim a present. She had been saving every penny she could for months, with this result. Twenty dollars a week doesn't go far. Expenses had been greater than she had calculated. They always are. Only $1.87 to buy a present for Jim. Her Jim. Many a happy hour she had spent planning for something nice for him. Something fine and rare and sterling--something just a little bit near to being worthy of the honor of being owned by Jim.

There was a pier-glass between the windows of the room. Perhaps you have seen a pier-glass in an $8 flat. A very thin and very agile person may, by observing his reflection in a rapid sequence of longitudinal strips, obtain a fairly accurate conception of his looks. Della, being slender, had mastered the art.

Suddenly she whirled from the window and stood before the glass. her eyes were shining brilliantly, but her face had lost its color within twenty seconds. Rapidly she pulled down her hair and let it fall to its full length.

Now, there were two possessions of the James Dillingham Youngs in which they both took a mighty pride. One was Jim's gold watch that had been his father's and his grandfather's. The other was Della's hair. Had the queen of Sheba lived in the flat across the airshaft, Della would have let her hair hang out the window some day to dry just to depreciate Her Majesty's jewels and gifts. Had King Solomon been the janitor, with all his treasures piled up in the basement, Jim would have pulled out his watch every time he passed, just to see him pluck at his beard from envy.

So now Della's beautiful hair fell about her rippling and shining like a cascade of brown waters. It reached below her knee and made itself almost a garment for her. And then she did it up again nervously and quickly. Once she faltered for a minute and stood still while a tear or two splashed on the worn red carpet.

On went her old brown jacket; on went her old brown hat. With a whirl of skirts and with the brilliant sparkle still in her eyes, she fluttered out the door and down the stairs to the street.

Where she stopped the sign read: "Mne. Sofronie. Hair Goods of All Kinds." One flight up Della ran, and collected herself, panting. Madame, large, too white, chilly, hardly looked the "Sofronie."

"Will you buy my hair?" asked Della.

"I buy hair," said Madame. "Take yer hat off and let's have a sight at the looks of it."

Down rippled the brown cascade.

"Twenty dollars," said Madame, lifting the mass with a practised hand.

"Give it to me quick," said Della.

Oh, and the next two hours tripped by on rosy wings. Forget the hashed metaphor. She was ransacking the stores for Jim's present.

She found it at last. It surely had been made for Jim and no one else. There was no other like it in any of the stores, and she had turned all of them inside out. It was a platinum fob chain simple and chaste in design, properly proclaiming its value by substance alone and not by meretricious ornamentation--as all good things should do. It was even worthy of The Watch. As soon as she saw it she knew that it must be Jim's. It was like him. Quietness and value--the description applied to both. Twenty-one dollars they took from her for it, and she hurried home with the 87 cents. With that chain on his watch Jim might be properly anxious about the time in any company. Grand as the watch was, he sometimes looked at it on the sly on account of the old leather strap that he used in place of a chain.



When Della reached home her intoxication gave way a little to prudence and reason. She got out her curling irons and lighted the gas and went to work repairing the ravages made by generosity added to love. Which is always a tremendous task, dear friends--a mammoth task.

Within forty minutes her head was covered with tiny, close-lying curls that made her look wonderfully like a truant schoolboy. She looked at her reflection in the mirror long, carefully, and critically.

"If Jim doesn't kill me," she said to herself, "before he takes a second look at me, he'll say I look like a Coney Island chorus girl. But what could I do--oh! what could I do with a dollar and eighty- seven cents?"

At 7 o'clock the coffee was made and the frying-pan was on the back of the stove hot and ready to cook the chops.

Jim was never late. Della doubled the fob chain in her hand and sat on the corner of the table near the door that he always entered. Then she heard his step on the stair away down on the first flight, and she turned white for just a moment. She had a habit for saying little silent prayer about the simplest everyday things, and now she whispered: "Please God, make him think I am still pretty."

The door opened and Jim stepped in and closed it. He looked thin and very serious. Poor fellow, he was only twenty-two--and to be burdened with a family! He needed a new overcoat and he was without gloves.

Jim stopped inside the door, as immovable as a setter at the scent of quail. His eyes were fixed upon Della, and there was an expression in them that she could not read, and it terrified her. It was not anger, nor surprise, nor disapproval, nor horror, nor any of the sentiments that she had been prepared for. He simply stared at her fixedly with that peculiar expression on his face.

Della wriggled off the table and went for him.

"Jim, darling," she cried, "don't look at me that way. I had my hair cut off

# THE GIFT OF THE MAGI




and sold because I couldn't have lived through Christmas without giving you a present. It'll grow out again--you won't mind, will you? I just had to do it. My hair grows awfully fast. Say `Merry Christmas!' Jim, and let's be happy. You don't know what a nice-- what a beautiful, nice gift I've got for you."

"You've cut off your hair?" asked Jim, laboriously, as if he had not arrived at that patent fact yet even after the hardest mental labor.

"Cut it off and sold it," said Della. "Don't you like me just as well, anyhow? I'm me without my hair, ain't I?"

Jim looked about the room curiously.

"You say your hair is gone?" he said, with an air almost of idiocy.

"You needn't look for it," said Della. "It's sold, I tell you--sold and gone, too. It's Christmas Eve, boy. Be good to me, for it went for you. Maybe the hairs of my head were numbered," she went on with sudden serious sweetness, "but nobody could ever count my love for you. Shall I put the chops on, Jim?"

Out of his trance Jim seemed quickly to wake. He enfolded his Della. For ten seconds let us regard with discreet scrutiny some inconsequential object in the other direction. Eight dollars a week or a million a year--what is the difference? A mathematician or a wit would give you the wrong answer. The magi brought valuable gifts, but that was not among them. This dark assertion will be illuminated later on.

Jim drew a package from his overcoat pocket and threw it upon the table.

"Don't make any mistake, Dell," he said, "about me. I don't think there's anything in the way of a haircut or a shave or a shampoo that could make me like my girl any less. But if you'll unwrap that package you may see why you had me going a while at first."

White fingers and nimble tore at the string and paper. And then an ecstatic scream of joy; and then, alas! a quick feminine change to hysterical tears and wails, necessitating the immediate employment of all the comforting powers of the lord of the flat.

For there 2lay The Combs--the set of combs, side and back, that Della had worshipped long in a Broadway window. Beautiful combs, pure tortoise shell, with jewelled rims--just the shade to wear in the beautiful vanished hair. They were expensive combs, she knew, and her heart had simply craved and yearned over them without the least hope of possession. And now, they were hers, but the tresses that should have adorned the coveted adornments were gone.

But she hugged them to her bosom, and at length she was able to look up with dim eyes and a smile and say: "My hair grows so fast, Jim!"

And them Della leaped up like a little singed cat and cried, "Oh, oh!"

Jim had not yet seen his beautiful present. She held it out to him eagerly upon her open palm. The dull precious metal seemed to flash with a reflection of her bright and ardent spirit.

"Isn't it a dandy, Jim? I hunted all over town to find it. You'll have to look at the time a hundred times a day now. Give me your watch. I want to see how it looks on it."

Instead of obeying, Jim tumbled down on the couch and put his hands under the back of his head and smiled.

"Dell," said he, "let's put our Christmas presents away and keep 'em a while. They're too nice to use just at present. I sold the watch to get the money to buy your combs. And now suppose you put the chops on."

The magi, as you know, were wise men--wonderfully wise men--who brought gifts to the Babe in the manger. They invented the art of giving Christmas presents. Being wise, their gifts were no doubt wise ones, possibly bearing the privilege of exchange in case of duplication. And here I have lamely related to you the uneventful chronicle of two foolish children in a flat who most unwisely sacrificed for each other the greatest treasures of their house. But in a last word to the wise of these days let it be said that of all who give gifts these two were the wisest. O all who give and receive gifts, such as they are wisest. Everywhere they are wisest. They are the magi.




# ജാതിമരച്ചോട്ടിൽ



നാളെ നെടുമ്പാശ്ശേരീന്ന്. അതോർക്കുമ്പോം മുരുകാ...

എറച്ചീം റമ്മും തീർന്നെടേ.

നോക്കടേ, ഇനീം ഇച്ചിരിം കൂടേ കാണും. അയ്യോ, ഇതു കണ്ടോ? അതിശയം.

ഒന്നാമത്തെ ജാതിമരോം രണ്ടാമത്തേതും തമ്മിൽ നിന്ന് ദാ കുശുകുശുക്കുന്നു. ആത്മാക്കളുടെ സുഗന്ധമുള്ള ഓർമകളുമായി ദാ, നിന്ന് വിതുമ്പുന്നു.

എന്റെ അപ്പനും ജോർസാറും തമ്മിലുള്ള ഹൃദയബന്ധം കണ്ടോന്നേ?

കഷ്ടപ്പാടീന്ന് മോൻ ഉയർത്തെഴുന്നേറ്റ് വലിയ മനുഷ്യനും ധനികനുമാവുന്നത് നേരിട്ടു കാണാൻ യോഗമില്ലാതെ പോയെങ്കിലും ജോർസാറെ എന്റെ മുറ്റത്തെ ഐശ്വര്യം കണ്ടോന്ന്, അപ്പൻ ജോർസാറിനോട് പറയുവല്ലിയോടേ മുരുകാ? ഇതല്ലാതെ പിന്നെന്തുവാടേ പറയാൻ? ഒരു മരം വേരാഴ്ത്തുന്നത് നട്ടവന്റെ ഹൃദയത്തിലുമാന്നെടോ.

എന്റെ മൂത്ത മോന് പന്ത്രണ്ട് വയസ്സ് കഴിഞ്ഞു. ഈ രണ്ടു ജാതിമരത്തിന്റേം തൊട്ടടുത്ത് മൂന്നാമതൊന്ന് കുഴിച്ചിടാനക്കൊണ്ട് അവന് മനസ്സ് വരുമോ മുരുകാ? എന്നേലും കാലത്ത് ഞാനിനി അവധിക്കു വരുമ്പം ഇങ്ങനൊന്നാവശ്യപ്പെട്ടാൽ എന്റെ മോൻ കേക്കുമോടെ? ഞാൻ മരിച്ചാൽ എന്റെ മോൻ നാട്ടിൽ വന്ന് സ്വമേധയാ ഒരു ജാതിത്തൈ മേടിച്ച് കുഴിച്ചുവയ്ക്കുമെന്നു വിശ്വസിക്കുവാൻ പറ്റുന്നില്ല.

എനിക്ക്, ജോർസാറിനും അപ്പനും അടുത്തു ജീവിക്കണമെടോ?

ഏലമ്മ, കേട്ടാൽ പ്രാന്താന്നു പറയും.

പിള്ളാരു കേട്ടാലും ഇങ്ങനെ പറയും.

പിന്നെ, ഞാൻ ആരോട് പറയും?

പരദേശികളുടെ അന്ത്യം എങ്ങനെ എവിടാന്ന് ആർക്ക് പ്രവചിക്കാൻ പറ്റും മുരുകാ?

എന്തുവന്നാലും നീ ഞങ്ങളെ നാളെ നെടുമ്പാശ്ശേരീൽ വിട്ടിട്ട് പോവണേ. അത് എല്ലാം അവസാനിപ്പിച്ചൊള്ള ഒരു പോക്കാവല്ലേ മുരുകാ.

ഈ റം തീരുന്നേനും മുമ്പ് ഞാൻ വേറൊരു കാര്യം കൂടെ പറയാം. ഇതു കണ്ടോ? ഇവിടാ, ഇനി മൂന്നാമതൊരു ജാതിമരം വളർന്നു വരേണ്ടത്.

നീയിവിടെ ഒരു ജാതിമരം നടണം. പറഞ്ഞാ കേക്കുമോ മുരുകാ.

ഞാൻ ലോകം വിട്ടുന്നൂന്നറീന്ന ദെവസം നിശ്ചയമായും ഒരു ജാതിത്തൈ വാങ്ങി വരണേ മുരുകാ. സത്യം...

എനിക്കു വിശ്വാസം വരുന്നില്ല.

നീ കൈ നീട്ടി സത്യം ചെയ്യ്.

സത്യം...

മരിച്ചവർ ഇലകളായി അനങ്ങുമെന്നും മഴയായി കരയുമെന്നും അപ്പൻ പറഞ്ഞത് ഓർമവരുന്നു. എപ്പഴും ഇതോർക്കും. നീയും എപ്പഴും ഇതോർക്കണം.

നീ വാക്കു തന്നല്ലോ.

സത്യം..

മുരുകാ, വല്ലാത്ത ക്ഷീണം.

ഞാൻ ഇച്ചിരെ കെടക്കട്ടെ.

സമയം നീ നോക്കണം.

സത്യമായും സമയം നീ നോക്കണം.

## സഫലമീജന്മം

കിടങ്ങറ ശ്രീവത്സൻ

ഇരുളിൽപ്പിറന്നനിൻ
തിരുമുഖം കാണുവാൻ
തിരിയൊന്നു കൊളുത്തുന്നു ഞാൻ
മെഴുകുതിരിയായിയെരിയുന്നു ഞാൻ.

നീഹാരാർദ്രനിശീഥിനിയിൽ താരാ-
ദീപം വിണ്ണിൽ തെളിയുമ്പോൾ,
മാലാഖമാരുടെ മംഗളഗീതങ്ങൾ
ആകാശമെങ്ങും നിറയുമ്പോൾ,
കണ്ടേൻ നിൻ തിരുമുഖവും
പനീരലർച്ചെണ്ടുപോൽ
ജന്മം സഫലം.

കാലിപ്പുരയിൽ പിറന്നവനേ നിന്നെ-
ക്കാണുവാൻ ജ്ഞാനികളണയുമ്പോൾ,
കന്യാതനയന്റെ കാലിണചുംബിക്കാൻ
കാലവും ദാഹിച്ചുനിൽക്കുമ്പോൾ,
പൈതലേ... ആത്മാവിലറിയുന്നു ഞാൻ
ദൈവപുത്രൻ തന്നെ നീയും.

('തിരുപ്പിറവി' സിഡിയിലെ ഗാനം)

## DECEMBER DAYS

| | |
|---|---|
| 01 | World AIDS Day |
| 02 | World Computer Literacy Day, International Day for the Abolition of Slavery |
| 03 | International Day of Disabled People, World Conservation Day |
| 05 | International Volunteer Day for Economic and Social Development |
| 07 | International Civil Aviation Day |
| 09 | The International Day Against Corruption |
| 10 | International Day of Broadcasting, Human Rights Day |
| 11 | International Mountain Day |
| 14 | World Energy Day |
| 18 | International Migrants Day |
| 20 | International Human Solidarity Day |
| 25 | X–mas Day |
| 29 | International Biodiversity Day |

DECEMBER DAYS

# വെള്ളിത്തിരയിൽ

ജയശ്രീ



## കായംകുളം കൊച്ചുണ്ണി റിക്കാർഡ് കളക്ഷൻ

ആറാം ആഴ്ചയിലും പ്രദർശനം തുടരുന്ന നിവിൻപോളി, മോഹൻലാലിന്റെ ചിത്രം കായംകുളം കൊച്ചുണ്ണി റിക്കാർഡ് കളക്ഷൻ നേടി. എഴുപത്തിയഞ്ചിലധികം തീയറ്ററുകളിൽ മുപ്പത്തിയഞ്ചു ദിവസം കൊണ്ട് 2.59കോടി രൂപയാണ് കളക്ഷൻ.

## ഹനീഫ് അദേനിയും മമ്മൂട്ടിയും അമീറിൽ ഒന്നിക്കുന്നു



ഗ്രേറ്റ് ഫാദർ, അബ്രഹാമിന്റെ സന്തതികൾ എന്നീ സൂപ്പർ ഹിറ്റുകൾക്കു ശേഷം ഹനീഫ് അദേനിയും മമ്മൂട്ടിയും വീണ്ടും ഒന്നിക്കുന്നു അമീർ എന്ന ചിത്രത്തിലൂടെ. ദുബായിൽ പൂർണ്ണമായും ചിത്രീകരിക്കുന്ന ചിത്രത്തിന്റെ മുടക്ക് 25 കോടിയാണ്. ചിത്രത്തിൽ മമ്മൂട്ടിക്ക് അധോലോക നായകന്റെ വേഷമാണ്. ഗ്രേറ്റ് ഫാദറിലൂടെ സംവിധാനരംഗത്തെത്തിയ ഹനീഫ് അദേനിയുടേതാണ് തിരക്കഥ. ഇച്ചായീസ് പ്രൊഡക്ഷൻസും ആന്റോ ജോസഫും ചേർന്നാണ് അമീർ നിർമ്മിക്കുന്നത്




രാഷ്ട്രീയത്തിന്റെ സമകാലീന പ്രതിസന്ധികളെ ലക്ഷ്യബോധത്തോടെ അവതരിപ്പിക്കുന്ന ചിത്രമാണ് ഒരു കുപ്രസിദ്ധ പയ്യൻ. താരനിരകളുടെ പരിവേഷമില്ലാതെയാണ് ഒരാഴ്ച കൊണ്ട് ഈ ചിത്രം നാലുകോടി ഗ്രോസ് കളക്ഷൻ നേടിയത്.

ആദ്യ രണ്ടു ദിവസം കഴിഞ്ഞപ്പോൾ തന്നെ മികച്ച അഭിപ്രായത്തിനോടൊപ്പം കളക്ഷനിലും വൻ വർദ്ധനവുണ്ടായി.

കേരളത്തിലെ 130 തിയറ്ററുകളിലാണ് ഈ ചിത്രം പ്രദർശിപ്പിക്കുന്നത്. ഇതര സംസ്ഥാനങ്ങളിലും പുറം രാജ്യങ്ങളിലും ഈ ചിത്രം പ്രദർശനത്തിനെത്തിയിട്ടില്ലായെന്നതും കളക്ഷന്റെ വർദ്ധനവിനെ പ്രതീക്ഷാനിർഭരമാക്കുന്നു. വരും ദിവസങ്ങളിലും ഈ ചിത്രം കൂടുതൽ സാമ്പത്തികലാഭം കൊയ്യും.

മധുപാൽ സംവിധാനം ചെയ്ത ഈ ചിത്രത്തിലെ നായകൻ ടൊവീനോയാണ്. നിമിഷ സജയൻ പബ്ലിക് പ്രോസിക്യൂട്ടാറായും നെടുമുടി വേണു തുടങ്ങിയുള്ളവരുടെ വേഷങ്ങളും ചിത്രത്തിന്റെ വിജയത്തിന്റെ ചേരുവകളായി. ജീവൻ ജോബിന്റേതാണ് തിരക്കഥ. നിർമ്മാതാവായ സുരേഷ് കുമാർ മികച്ച നടനാണെന്നുകൂടി ഈ ചിത്രം തെളിയിച്ചിരിക്കുന്നു.

## ക്യാപ്റ്റൻ രാജുവിന്റെ ചിത്രം മിസ്റ്റർ പവനായി പ്രദർശനത്തിനെത്തുന്നു

ക്യാപ്റ്റൻ രാജു അവസാനമായി സംവിധാനം ചെയ്ത് അഭിനയിച്ച മിസ്റ്റർ പവനായി പ്രദർശനത്തിനെത്തുന്നു. മിക്കവാറും ജോലികൾ പൂർത്തിയാക്കിയതിനുശേഷമാണ് ക്യാപ്റ്റൻ രാജു വിടവാങ്ങിയത്.

നാടോടിക്കാറ്റിൽ അവതരിപ്പിച്ച പ്രശസ്തമായ പവനായി ആണ് ചിത്രത്തിലെ കേന്ദ്ര കഥാപാത്രം. വിജയരാഘവന്റെ മകൻ ദേവദേവനും പൊന്നമ്മ ബാബുവിന്റെ മകൾ പിങ്കിയുമാണ് യുവതാരങ്ങൾ. ഇരുവരുടേയും ആദ്യ ചിത്രമാണിത്. പൂർണ്ണമായും രസകരമായ രംഗങ്ങളൊരുക്കുന്ന ചിത്രം ആക്ഷൻ ത്രില്ലർ ഗണത്തിൽപ്പെടുന്നതാണ്.

## ഗ്രാന്റ് ഫാദർ



ആലപ്പുഴയിൽ ചിത്രീകരണം ആരംഭിച്ച ഗ്രാന്റ് ഫാദറിൽ ജയറാം മുത്തശ്ശനായി അഭിനയിക്കുന്നു.

## ഇന്ദ്രൻ പ്രധാന വേഷമിടുന്ന ഹ്രസ്വചിത്രം വൺസെക്കന്റ്

ഇന്ദ്രൻസ് പ്രധാനവേഷമിടുന്ന ഹ്രസ്വചിത്രം വൺസെക്കന്റ് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ആദ്യ പ്രദർശനം നടത്തി. വഴിയരികിൽ ജീവൻ പൊലിയുന്ന കുടുംബത്തിന്റെ ദാരുണാനുഭവങ്ങളാണ് പ്രശസ്ത ഫോട്ടോഗ്രാഫർ കൂടിയായ മോഹൻ സുരഭി പറയുന്നത്. 27 മിനിറ്റാണ് ദൈർഘ്യം. പ്രേക്ഷക ഹൃദയങ്ങളിൽ ആഴത്തിലിറങ്ങുന്ന സന്ദർഭങ്ങളാണ് ചിത്രത്തിലെ പല രംഗങ്ങളും.

## അള്ള് രമേന്ദ്രൻ

കുഞ്ചാക്കോ ബോബനെ നായകനാക്കി നവാഗതനായ ബിലഹരി സംവിധാനം ചെയ്യുന്ന ചിത്രമാണ് അള്ള് രമേന്ദ്രൻ. ഇതിന്റെ ചിത്രീകരണം തൊഴുപുഴയിൽ ആരംഭിച്ചു. ആഷിഖ് ഉസ്മാൻ നിർമ്മിക്കുന്ന ചിത്രത്തിൽ അപർണാ ബാലമുരളിയും ചാന്ദ്നിയും പ്രധാന വേഷങ്ങളിടുന്നു. ഷാൻ റഹ്മാന്റേതാണ് സംഗീതം.




രാജു മല്യം നിർമ്മിക്കുന്ന മറിയം വന്ന് വിളക്കൂതി എന്ന ചിത്രത്തിന്റെ സംവിധായൻ നവാഗതനായ ജെനിത് കാച്ചപ്പള്ളിയാണ്. പ്രേമത്തിലെ സിജു വിത്സൻ, കൃഷ്ണ ശങ്കർ, ശബരീവർമ്മ തുടങ്ങിയവരാണ് പ്രധാന കഥാപാത്രങ്ങളായി വേഷമിടുന്നത്. കോമഡിക്കും റൊമാൻസിനും പ്രാധാന്യം നൽകിയാണ് സെറ്റ് ഒരുക്കിയിട്ടുള്ളത്. സെഞ്ചുറി ഫിലിംസിന്റേതാണ് വിതരണം.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.